# ഗവ. ഹയർ സെക്കന്ററി സ്കൂൾ , തെക്കേ വാഴക്കുളം.

## ആലുവ വിദ്യാഭ്യാസ ജില്ല

ghssvazhakulam2017@gmail.com





# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 -'26






# Table of Contents


ആമുഖം....2
ലക്ഷ്യങ്ങൾ....3
അക്കാദമിക് പ്രവർത്തനങ്ങൾ....4
സ്കൂൾ ലഘുചരിത്രം....4
അക്കാദമിക വികസനം - കാഴ്ചപ്പാട് ദർശനം....5
നിലവിലെ അവസ്ഥാവിശകലനം....5
വിദ്യാലയ മികവുകൾ....6
നിലവിലെ അക്കാദമിക അവസ്ഥാവിശകലനം....7
1. ഭാഷാവികാസം....7
മാസ്റ്റർ പ്ലാൻ -- രൂപീകരണ പ്രക്രിയ....17
പ്രവർത്തന പദ്ധതി രൂപരേഖ....17
പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ....46
മോണിറ്ററിംഗ് രീതി....46
എസ് ആർ ജിയുടെ റോൾ....47
ഉപസംഹാരം....47
അനുബന്ധം....47


## ആമുഖം

കേരളത്തിലെ പൊതുവിദ്യാലയങ്ങൾ ചരിത്രത്തിലാദ്യമായി വിദ്യാഭ്യാസ നിലവാരമുയർത്താൻ *അക്കാദമിക മാസ്റ്റർ പ്ലാൻ* തയ്യാറാക്കിയിരിക്കുന്നു. സമൂഹം പ്രതീക്ഷയോടെയാണ് ഈ സംരംഭത്തെ നോക്കിക്കാണുന്നത്. അടുത്ത ഘട്ടം *അക്കാദമിക മാസ്റ്റർ പ്ലാൻ* പ്രവൃത്തിപഥത്തിലെത്തിക്കലാണ്. ഓരോ വിദ്യാലയവും വിവധ മേഖലകളിലായി ധാരാളം പരിപാടികൾ അക്കാദമിക മാസ്ററർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചില വിദ്യാലയങ്ങളിൽ ഇത് നൂറിൽ കവിയും. ഇത്രയധികം പരിപാടികൾ എങ്ങനെ പ്രായോഗികമായി നടപ്പിലാക്കാനാകും എന്നതാണ് നാം നേരിടുന്ന വെല്ലുവിളി. പലകാരണങ്ങളാൽ സാധ്യായദിനങ്ങൾ നഷ്ടപ്പെട്ടതും അക്കാദമിക മാസ്റ്റർപ്ലാനിന്റെ നിർവഹണത്തെ ബാധിച്ചിട്ടുണ്ട്.വരുന്ന അഞ്ചു വർഷം സമഗ്ര വികസനം സ്വപ്ന സാക്ഷാത്ക്കാരമാണ്. അതിന്റെ ആദ്യ ചവിട്ടു പടിയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ.

## ലക്ഷ്യങ്ങൾ

**1.** എല്ലാ കുട്ടികൾക്കും സൗഹൃദപരമായതും കുട്ടികളെ കേന്ദ്രീകരി ച്ചിട്ടുള്ളതുമായ രീതിയിൽ പഠനവും പാഠ്യേതരപ്രവർത്തനങ്ങളും സംഘടിപ്പിക്കും.

2. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് വ്യത്യസ്തവും നൂതനവുമായ പഠനതന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും നിരന്തര മൂല്യനിർണ്ണയം നടത്തി വിലയിരുത്തൽ പട്ടിക തയ്യാറാക്കുകയും ചെയ്യുക.

3. കുട്ടികൾ അതാതു ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു വെന്ന് ഉറപ്പു വരുത്തുക.

4. മികവ് 2022 USS, NMMS, NTSE, Scholarship, Full A+ കളുടെ എണ്ണം എന്നിവ കൂട്ടുക.

5. പഠനം ആയാസരഹിതവും ആഹ്ലാദകരവുമായ അനുഭവമാക്കി മാറ്റാൻ I C T സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തും.

6. കുട്ടികളുടെ പഠനകാര്യത്തിൽ രക്ഷിതാക്കളുടെ നിരന്തര പിന്തുണ ഉറപ്പാക്കുന്ന തരത്തിൽ ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പി ക്കും.

7. അക്ഷരദീപം പദ്ധതിയിലൂടെ എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി സംസാരിക്കാനും, വായിക്കാനും എഴുതാനും ഗണിതത്തിൽ അടിസ്ഥാനശേഷി കൈവരിക്കാനുമുള്ള പ്രവർത്തനങ്ങളും ഉറപ്പാക്കും.

8. കുട്ടിയുടെ പഠനതാത്പര്യത്തെയും വ്യക്തിത്വവികാസത്തെയും ത്വരിതപ്പെടുത്തുന്നതിനുള്ള പരിഹാരബോധന പ്രക്രിയയും നിരന്തര മൂല്യനിർണയപ്രക്രിയയും നടത്തും.

9. അക്കാദമികമായ ഉണർവ്വ് ജനിപ്പിക്കുന്നതിൽ എല്ലാ അദ്ധ്യാപ കരുടെയും അറിവിന്റെ സംഭാവനകൾ പരിഗണിക്കും.

10. പഠനത്തിൽ മുന്നോക്കം നില്ക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന, കോച്ചിംഗ് ക്ലാസ്സ് സംഘടിപ്പിക്കും.

11. ലൈബ്രറി വികസനം സാധ്യമാക്കും.(ക്ലാസ്സ് ലൈബ്രറി, ടീച്ചേഴ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി)

12. പഠനയാത്രകൾ സംഘടിപ്പിച്ച് കണ്ടും കേട്ടും നിരീക്ഷിച്ചും പഠനം ഉറപ്പാക്കും.

13. അദ്ധ്യാപകരുടെ I C T പ്രവർത്തനങ്ങൾ പഠനപ്രക്രിയ മെച്ചപ്പെടുത്താൻ ഉപയോഗിക്കും.

14. പുതിയ പുതിയ ടീച്ചിംഗ് എയ്ഡ്സ് നിർമിച്ച് പഠനപ്രക്രിയ എളുപ്പമാക്കും.

15. ശാസ്ത്രമേളകളിലും ക്ലബ് പ്രവർത്തനങ്ങളിലും സയൻസ് ലാബ് പ്രവർത്തനങ്ങളിലും പരമാവധി കുട്ടികളെ പങ്കെടുപ്പിച്ച് പഠന പ്രവർത്തനങ്ങൾ ക്രമപ്പെടുത്തും.

**അക്കാദമിക് പ്രവർത്തനങ്ങൾ**

അക്കാദമിക ആസൂത്രണത്തിന്റെ ഭാഗമായി മാത്രമെകുട്ടികളുടെ പൊതുവായതും ഓരോ കുട്ടിയുടെയും സവിശേഷവുമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠന മുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ ഒരുക്കാൻകഴിയും. ഞങ്ങളുടെ വിദ്യാലയത്തെ സമൂഹത്തിന്റെ കൂടി സ്ഥാപനമായി എങ്ങനെ മാറ്റാനാകും എന്ന ഉദ്ദേശ്യത്തോടെപ്രതീക്ഷയുണർത്തുന്നതും പ്രചോദനാത്മകവുമായ ഹ്രസ്വകാല, മധ്യമകാല, ദീർഘകാല പ്രവർത്തനങ്ങൾ വിവിധ പദ്ധതികളിലൂടെ തയ്യാറാക്കിയിരിക്കുന്നു.ഇത് നവീകരിക്കപ്പെടുന്ന ശാസ്ത്രരേഖയാണെന്ന സത്യം എടുത്തു പറയുന്നു.

## സ്കൂൾ ലഘുചരിത്രം

നൂറ്റി പത്ത് വർഷത്തിന്റെ പാരമ്പര്യമുറങ്ങുന്ന തെക്കേ വാഴക്കുളം ഗവൺമെന്റ് സ്കൂൾ . കുടിപ്പള്ളികൂടത്തിൽ നിന്ന് ഉയർന്ന് മികവിന്റെ കേന്ദ്രമായി , ഹൈടെക്ക് വിദ്യാലയമായി മാറിയിരിക്കുന്നു ഇടക്കാലത്ത് കുട്ടികൾ കുറഞ്ഞ് സർക്കാർ ഏറ്റെടുത്ത സ്കൂളിന്റെ വളർച്ച പ്രവചനാതീതമാണ് ചിട്ടയാർന്ന കർമ്മപദ്ധതി രൂപീകരണവും നടപ്പിലാക്കലും, അതോടൊപ്പം നാടിന്റേയും നാട്ടുകാരുടേയും വിദ്യാ ഭ്യാസ - രാഷ്ട്രീയ – സാമൂഹിക-സാംസ്കാരിക പ്രമുഖരുടെയും സഹകരണവും ഈ വിജയത്തിനു കാരണ മാണ് .

I സ്കൂൾ വിവരങ്ങൾ

1.റവന്യൂ ജില്ല എറണാകുളം

2. യൂണിഫോം സ്കൂൾ കോഡ് : 32080100902(25073)

3.സ്കൂളിൻറെ പേര് : ജി എച്ച് എസ് എസ് സൗത്ത് വാഴക്കുളം

മേൽവിലാസം : സൗത്ത് വാഴക്കുളം പി ഒ.

ആലുവ

പിൻകോഡ് : 683105

ഫോൺ നമ്പർ : ഇമെയ്ൽ അഡ്രസ്സ് : ghssvazhakulam@yahoo.co.in

കോർപ്പറേഷൻ : വാഴക്കുളം

വിദ്യാഭ്യാസ ജില്ല : ആലുവ,0484-2678258

ഗ്രാമ പഞ്ചായത്ത് / മുൻസിപ്പാലിറ്റി /:വാഴക്കുളം

സബ് ജില്ല :ആലുവ

4. ക്ലാസ്സുകൾ : 5-12 മാനേജ്മെൻറ് : ഗവൺമെൻറ്

6.പഠന മാധ്യമം : മലയാളം /തമിഴ് /കന്നട /ഇംഗ്ലീഷ് --മലയാളം,

## അക്കാദമിക വികസനം - കാഴ്ചപ്പാട് ദർശനം

1. എല്ലാകുട്ടികളുടെയും എല്ലാ വൈഭവങ്ങളും അതിന്റെ പൂർണ്ണതയിലേയ്ക്ക് വികസിപ്പിക്കുക
2 കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ പഠനനേട്ടങ്ങളും അതിന്റെ പൂർണ്ണതയിൽ എല്ലാ കുട്ടികളും ആർജ്ജിക്കുക
3. കുട്ടികളിൽ പരസ്പരാശ്രയത്വത്തിന്റെയും സൗഹൃദത്തിന്റെയും മനോഭാവം വളർത്തുക
4. മൂന്നു ഭാഷകളിലെങ്കിലും ആശയവികസനശേഷി മികച്ച വളർത്തുക
5. കുട്ടികളിൽ ക്രിയാത്മകതയും യുക്തിബോധവും വിമർശനാത്മക ചിന്തയും വികസിപ്പിക്കുക
6. പഠനശേഷികളും പഠനമനോഭാവങ്ങളും വളർത്തുക
7. മതേതരത്വ ജനാധിപത്യ ബോധമുള്ള പൗരൻമാരായി വളർത്തുക

8. നമ്മുടെ സംസ്കാരത്തിനു യോജിച്ച മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുക

9. എല്ലാത്തരം വിവേചനങ്ങൾക്കും എതിരായ മനോഭാവം വളർത്തുക

10. പാരിസ്ഥിതിക അവബോധം വളർത്തുക

11. ശാസ്ത്രചിന്ത വളർത്തുക

12. പെൺകുട്ടികളുടെ പദവിയും അവസര തുല്യതയും സംബന്ധിച്ച കാഴ്ചപ്പാട്

13 രക്ഷിതാക്കളുടെ അക്കാദമിക പ്രവർത്തന പിൻതുണ സംബന്ധിച്ച കാഴ്ചപ്പാട്

14. സമ്പൂർണ്ണ ശുചിത്വം, പ്ലാസ്റ്റിക് കീടനാശിനി മുക്ത കാമ്പസ് സൃഷ്ടിക്കുക.

15 ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി അധ്യയനം ഉറപ്പാക്കുക.

16. കുട്ടികളുടെ സർഗ്ഗക്രിയാശേഷികളെ പരിപോഷിപ്പിക്കുന്നതിന് ഭൗതികവും സർഗ്ഗാത്മകവുമായ പ്രവർത്തനപദ്ധതികൾ രൂപീകരിച്ചു നടപ്പിലാക്കുക.

17.തീരുമാനമെടുക്കുന്നതിലും പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിലും വിലയിരുത്തുന്നതിലും എല്ലാ പെൺകുട്ടികൾക്കും അവസരങ്ങൾ ഉറപ്പാക്കും.

1. ജൻഡർയരേഖയുടെ അടിസ്ഥാനത്തിൽ വിദ്യാലയപ്രവർത്തനങ്ങൾ വിലയിരുത്തി പെൺ സൗഹൃദ വിദ്യാലയ സങ്കല്പം യാഥാർഥ്യമാക്കും.
2. എല്ലാ പെൺകുട്ടികൾക്കും ആത്മവിശ്വാസവും പ്രതികരണശേഷിയും അറിവിന്റെ കരുത്തും വിമർശനാവബോധവും വിശകലനശേഷിയും ഉറപ്പാക്കും.

## നിലവിലെ അവസ്ഥാവിശകലനം

ഭൗതികം ആമുഖം വിവിധതരം വിഭവങ്ങൾ ഉണ്ടങ്കിൽ മാത്രമേ വിദ്യാലയത്തിന്റെ സുഗമമായ പ്രവർത്തനങ്ങൾ നടക്കൂ. അവയിൽ പ്രധാനം ഭൗതിക സാഹചര്യങ്ങൾ, മനുഷ്യവിഭവശേഷി, ധനം തുടങ്ങിയവയാണ്. എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനുമുള്ള അവസരവും ശിസുസൗഹൃദപരമായ അന്തരീക്ഷവും ഒരുക്കണം. വിഭവങ്ങളുടെ കാര്യത്തിൽ പരിഗണിക്കേണ്ട ഏററവും പ്രധാനപ്പെട്ട സവിശേഷത ലഭ്യതയും കാര്യക്ഷമതയുമാണ്. ഓരോരുത്തരുടേയും കഴിവുകൾ കണ്ടെത്തി അവ ഏറ്റവും ഉയർന്ന തലത്തിലേയ്ക്ക് എത്തിക്കാനും പരിമിതികൾ മറികടക്കാനും കഴിയുമ്പോഴും ,ലഭ്യമായ വിഭവങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുമ്പോഴുമാണ് ഒരു വിദ്യാലയം മികവുററതാകുന്നത്

7. വിദ്യാർത്ഥികളുടെ എണ്ണം

| വർഷം | ക്ലാസ്സ് | | | | | | | | ആകെ |
|---|---|---|---|---|---|---|---|---|---|
| | 5 | 6 | 7 | 8 | 9 | 10 | 11 | 12 | |
| 2016-17 | 27 | 19 | 34 | 56 | 74 | 54 | 110 | 109 | 483 |
| 2017-18 | 46 | 30 | 24 | 74 | 64 | 80 | 120 | 110 | 548 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 2018- 19 | 39 | 58 | 66 | 83 | 97 | 74 | 112 | 118 | 647 |
| 2019-20 | 50 | 55 | 83 | 125 | 104 | 102 | 128 | 112 | 759 |
| 2020 -21 | 71 | 76 | 77 | 179 | 137 | 108 | 120 | 128 | 770 |
| 2021-22 | | | | | | | | | |
| 2022-23 | 86 | 115 | 118 | 201 | 200 | 198 | | | 918 |

അദ്ധ്യാപകരുടെ എണ്ണം :
ആകെഅംഗീകരിച്ചത് - UP : 10
HS : 24
HSS : 10
അനദ്ധ്യാപകർ : 4
II ഭൗതിക സൗകര്യങ്ങൾ

## വിദ്യാലയ മികവുകൾ

പച്ചക്കറിത്തോട്ടം, ഔഷധത്തോട്ടം ,ശലഭോദ്യാനം ,മഴവെള്ളസംഭരണി- മഴക്കുഴി

മാലിന്യസംസ്കരണ സംവിധാനം (ബയോഗ്യാസ് പ്ലാന്റ്) ,ജൈവകമ്പോസ്റ്റ്

സ്കൂൾ ബസ്

എല്ലാ കുട്ടികളുടെയും ഭവനസന്ദർശനം

ഹരിതവിദ്യാലയം

സ്കൂൾ ഡിജിറ്റൽ ലൈബ്രറി

ATL LAB

IT LAB,SCIENCE ,MATHS LABS

LANGUAGE LAB

CLASS LIBRARY

DINING HALL

## നിലവിലെ അക്കാദമിക അവസ്ഥാവിശകലനം

**മികവിനായ് ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ**

### 1. ഭാഷാവികാസം

### വിഷയം - മാതൃഭാഷ / മലയാളം

**ലക്ഷ്യങ്ങൾ**

1. മുഴുവൻ കുട്ടികൾക്കും സർഗാത്മകരചനകൾക്കുള്ള അവസരം നല്കുക.

2. എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.

**3. എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നു.**

**4. സാഹിത്യാഭിരുചി വളർത്താനുള്ള പ്രവർത്തനങ്ങൾ കണ്ടെത്തുക.**

**5. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ ഭ്യാസസാധ്യതകളെ പ്രയോജനപ്പെടുത്തുക.**

**ഹ്രസ്വം**

**U P**

കഥ, കവിത, ചിത്രരചനകൾ, സമാനപദങ്ങൾ ഉപയോഗിച്ച് വാക്യരചനകൾ ,ലയാളത്തിളക്കം, ശ്രദ്ധ (അക്ഷരദീപം ക്ലാസ്സ് ) പദകാർഡ് വായന, ചിത്രപദക്കാർഡ് വായന, വായനാമത്സരം, നിഘണ്ടുനിർമാണം,വായനാമത്സരം, പത്രവായന, ദൃശ്യവായന, പുസ്തകവായന, ചിത്രവായന, ഒരു കുട്ടി ഒരു പുസ്തകം സംഭാവന, പുസ്തകത്തെ പരിചയപ്പെടുത്തൽ,സൂചനകൾ നല്കി കഥ, കവിതാരചന,നാടൻ കഥകൾ, കവിതകൾ കേൾക്കൽ, കഥാവതരണം (ഉദാ ആമയും മുയലും),നാടൻ കലകളുടെ പ്രദർശനം, അവതരണം.

***H S***

ഒരു വിഷയത്തെക്കുറിച്ച് പ്രസംഗം, പ്രഭാഷണം എന്നിവ തയ്യാറാക്കുക, പോസ്റ്റർ നിർമാണം, കാലാനുസൃതമായ വിഷയങ്ങൾ തെരഞ്ഞെടുത്ത് ഉപന്യാസരചന, സാഹിത്യകാരന്മാരുടെ ആൽബം തയ്യാറാക്കൽ,ലൈബ്രറി പുസ്തകവായന, നവപ്രഭ ക്ലാസ്സ്, പാഠപുസ്തകവായന, ഡയറി എഴുത്ത്, അനുഭവക്കുറിപ്പ്,പുസ്തകവായന, വാ യിച്ച പുസ്തകത്തിന്റെ ആശയം കുറിക്കൽ, അടുത്തുള്ള വിദ്യാലയത്തിലെ ലൈബ്രറി സന്ദർശനം (one day), രണ്ട്പുസ്തകക്കുറിപ്പ് വിഷയം നല്കി കഥ,കവിതാരചന, പ്രാദേശിക സാഹിത്യകാരന്മാരെ പരിചയപ്പെടൽ, സാഹി ത്യക്വിസ്സ്ഫീൽഡ് ട്രിപ്പ് (കലാമണ്ഡലം) അനുഭവക്കുറിപ്പ്, പത്രവാർത്താ ശേഖരണ പതിപ്പ്.

**മധ്യമം**

**U P**

കഥാപതിപ്പ്, കവിതാപതിപ്പ്, ചിത്രപതിപ്പ് വാക്യരചനാപുസ്തകമത്സരം, (ക്ലാസ്സ് തലം)പദച്ചേരുവകൾ, കേട്ടെഴുത്ത്, സംഘപ്രവർത്തനങ്ങൾ, ലൈബ്രറി പുസ്തകം ഒരു പേജ് വായിച്ച് ആശയം എഴുതി തെറ്റ് തിരുത്തൽ (UP)ചുമർപത്രം, ആസ്വാദനക്കുറിപ്പ് മത്സരം ക്ലാസ്സ് തലം കവിയരങ്ങ്, കാവ്യകേളി, കാവ്യാലാപനം, അക്ഷരശ്ലോകം,ദൃശ്യാവിഷ്ക്കാരം,പത്രവാർത്തകൾ,നാടൻപാട്ട്,പരിശീലനം (ശില്പശാല).

**H S**

എല്ലാ കുട്ടികൾക്കും പ്രസംഗം പറയാനുള്ള അവസരം, അസംബ്ലിയിൽ പ്രഭാഷണം അവതരിപ്പിക്കുക,ഉപന്യാസരചനാമത്സരം,പുസ്തകക്കുറിപ്പ്തയ്യാറാക്കൽ,പത്രക്കട്ടിംഗ്സ് ശേഖരിച്ച് വായനാമത്സരം, ദിനാചരണവുമായി ബന്ധപ്പെട്ട സാഹിത്യരചനകൾ കൊളാഷ്, ആസ്വാദനം, കാർട്ടൂൺ, വായനാക്കുറിപ്പ് മത്സരം സ്കൂൾതലം കവിയരങ്ങ്, സെമിനാർ,പ്രാദേശികകലാരൂപങ്ങൾ പ്രോജക്ട്യാത്രാവിവരണം, സാഹിത്യചരിത്ര രചന ദൃശ്യാവിഷ്ക്കാരം,പത്രവാർത്ത തയ്യാറാക്കൽ.

**ദീർഘം**

**U P**

എന്റെ സ്വന്തം കവിതാസമാഹാരം, ചിത്രസമാഹാരം, കഥാസമാ ഹാരം,വർക്ക് ഷീറ്റ്, പാഠവായന, ന്യൂസ് പേപ്പർ വായന, പദസൂര്യൻ പൂർത്തിയാക്കൽ, വിട്ടുപോയവ കണ്ടെത്തൽ തിരക്കഥാരചന,

കവിതാരചന, കഥാരചന സ്വന്തമായി വിഷയം തെരഞ്ഞെടുത്ത് കഥ, കവിത രചിക്കുന്നു ക്വിസ് മത്സരങ്ങൾ, ദിനാചരണങ്ങൾ, നാടൻ പാട്ട് അവതരണം.

**H S**

ആൽബപ്രദർശനം ക്ലാസ്സ് തലം, സ്കൂൾതലം എന്റെ ഡയറി, യാത്രാ വിവരണം, ഓർമക്കുറിപ്പുകൾ, വിവരണം, വർണനനാടകരചന, തിരക്കഥാരചന, ഷോർട്ട്ഫിലിം നിർമാണം, വിമർശനാത്മകപഠനം, സാഹിത്യമേളകൾ, ദിനാചരണ മത്സരങ്ങൾ തൽസമയ സംപ്രേഷണം (കുട്ടികൾ, അധ്യാപകർ, LCD പ്രൊജക്ടറിൽ) ദൃക്സാക്ഷി വിവരണം

## വിഷയം - ഇംഗ്ലീഷ്

**ലക്ഷ്യങ്ങൾ**

1. ഇംഗ്ലീഷ് തെറ്റു കൂടാതെ വായിക്കാനും എഴുതാനും പഠിക്കുക.

2. സ്വന്തം ആശയങ്ങൾ സ്ഥലകാലസാഹചര്യങ്ങൾക്കനുസരിച്ച് തെറ്റ് കൂടാതെ പ്രകടിപ്പിക്കാനുള്ള ആത്മവിശ്വാസം വളർത്തിയെടുക്കുന്നു.

3.കാണുന്നതും കേൾക്കുന്നതും ഗ്രഹിക്കാനുള്ള കഴിവ് വളർത്തുക.

4. ഇംഗ്ലീഷ് പുസ്തകങ്ങൾ വായിക്കാനും അവയുടെ ഭാഷാനൈപുണ്യം വളർത്താനുമുള്ള ആവേശം കുട്ടികളിൽ ഉണ്ടാക്കുക.

5. മാധ്യമങ്ങളെ വിവേകപൂർവ്വം കൈകാര്യം ചെയ്ത് ഭാഷയെ മെച്ചപ്പെടുത്താൻ പ്രാപ്തരാക്കുക.

**ഹ്രസ്വം**

**U P**

ദിവസത്തിൽ വാക്കുകളും അതിന്റെ അർഥവും പഠിക്കുന്നു. ചിത്രങ്ങൾ, വീഡിയോകൾ എന്നിവയുടെ സഹായത്തോടെ സംഭാഷണം (ചിത്രങ്ങൾ, സാഹചര്യങ്ങൾ) ചിത്രങ്ങളെ ആസ്പദമാക്കി വിവരണം തയ്യാറാക്കൽ,English news, Animation programmes, English Library, English പത്രം ലഭ്യമാക്കൽ.

**H S**

സ്കിറ്റ്, സ്ക്രീൻപ്ലേ, കൈയെഴുത്ത് മാസികമത്സരം, കഥയെഴുത്ത് മത്സരം,Welcome speech, vote of thanks, Announcement, Drama, Sem- inar Presentation, Magazine,സർഗാത്മകരചനകൾ, പതിപ്പ്, പുസ്തകകുറിപ്പ് കൊളാഷ്, ചുമർപത്രിക, കൗതുകവാർത്ത.

**മധ്യമം**

**UP**

വാക്കുകൾ വാചകങ്ങളാക്കി വായന, വായിച്ച വാചകങ്ങൾ ആശയാടിസ്ഥാനത്തിൽ എഴുതുന്നു. English അസംബ്ലി, കവിതാവിഷ്ക്കരണം

Mind mapping, പത്രവാർത്താവിശകലനം, പുസ്കവായന, പുസ്തകപരിചയം.

**H S**

ക്ലാസ്സ് ടെസ്റ്റ്, കവിതാപാരായണം, കഥ പറച്ചിൽ, നിമിഷപ്രസംഗം, ചിന്താവിഷയം പങ്കുവെക്കൽ, നിഘണ്ടുനിർമാണം,

സർഗാത്മകരചനകൾ,പതിപ്പ്,സെമിനാർ,പ്രോജക്റ്റ്,ബോധവത്ക്കരണസെമിനാർ,മാധ്യമവാർത്തകൾ, വിലയിരുത്തി വിശകലനം

**ദീർഘം UP**

സർഗാത്മകരചനകൾ,സംഭാഷണം,(പരസ്പരം, സംഘാതം) നാടകാവിഷ്കരണം, കഥയെഴുത്ത്, സ്വന്തമായി പത്രവാർത്ത തയ്യാറാക്കുന്നു വായനാക്കുറിപ്പ്, സംവാദം.

**H S**

Blog creation,figure of speech വിഷയം തെരഞ്ഞെടുത്ത് കഥാരചന, ഉപന്യാസരചന,നോട്ടീസ്, ക്ഷണപത്രിക, റിപ്പോർട്ട്, പോസ്റ്റർ , പുസ്തകപ്രദർശനം, പതിപ്പ് പ്രദർശനം, വായനാക്കുറിപ്പ് മത്സരം, Story writing, Quiz competition .

## വിഷയം ഹിന്ദി

**ലക്ഷ്യങ്ങൾ**

1.ഹിന്ദി അക്ഷരമാല തെറ്റു കൂടാതെ എഴുതാനും വായിക്കാനും സംസാരിക്കാനും പഠിക്കുക.
2.അനുദിനജീവിതത്തിൽ കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക.

3.സ്വന്തം ആശയങ്ങൾ തെറ്റു കൂടാതെ പ്രകടിപ്പിക്കാനുള്ള ആത്മവിശ്വാസം വളർത്തിയെടുക്കുക.
4.കാണുന്നതും കേൾക്കുന്നതും ഗ്രഹിക്കാനുള്ള കഴിവ് വളർത്തുക.

5.ഹിന്ദി പുസ്തകങ്ങൾ വായിക്കാനും ടി.വി. , റേഡിയോ വാർത്തകൾ മാധ്യമങ്ങളിലൂടെ കേൾക്കാനും ഭാഷാനൈപുണികൾ വളർത്തുക

**ഹ്രസ്വം**

**U P**

അക്ഷരമാല, അക്ഷരക്കാർഡ്, പദകാർഡ്, I C T സാധ്യത ഗൃഹോപക രണങ്ങൾ പരിചയപ്പെടൽ, ചിത്രകഥകൾ വായിക്കൽ,ചിത്രസഹായത്തോടെ വിവരണം തയ്യാറാക്കുന്നു.
താരതമ്യക്കുറിപ്പ്,TV ന്യൂസ് കേൾക്കൽ, പ്രധാന വാർത്തകൾ എഴുതൽ, ചിത്രകഥ വായിച്ച് കുറിപ്പ്, ക്ലാസ്സ് ലൈബ്രറി, ആഴ്ചയിൽ ഒരു ദിവസം വായന.

**H S**

അക്ഷരമാല മന:പാഠമാക്കൽ, ഒരു അക്ഷരം ഉപയോഗിച്ച് 5 പദങ്ങൾ ഉണ്ടാക്കൽ, I C T സഹായത്തോടെ പദങ്ങൾ തിരിച്ചറിയുന്നു, അക്ഷരങ്ങൾ തിരിച്ചറിയുന്നു. ഗൃഹോപകരണങ്ങളുടെ പേര് നിശ്ചയിക്കൽ, വിവരണം തയ്യാറാക്കൽ, യാത്രാവിവരണം, ആസ്വാദനക്കുറിപ്പ്, അഭിമുഖം - പ്രാദേശികവ്യക്തികൾ Animation Programme, Editing, ആമുഖക്കുറിപ്പ്, വായനശാല സന്ദർശനം (one day)

**മധ്യമം**

**UP**

പദസമ്പത്ത്, കേട്ടെഴുത്ത്, പദകേളികൾ,ഡയറി എഴുത്ത്, പ്രാദേശിക പദങ്ങൾ,കണ്ടെത്തൽ,ഹിന്ദി അസംബ്ലി, ചിന്താവിഷയം,സംഭാഷണം, ആത്മകഥ, പോസ്റ്റർ പുസ്തകപരിചയം അസംബ്ലിയിൽ.

**H S**

വാക്കുകൾ വാചകങ്ങളാക്കൽ, വാചകങ്ങൾ കൊണ്ട് ആശയവിനിമയം നടത്തുന്നു. സംഭാഷണം, പ്രാദേശികപദങ്ങളും മാനകപദങ്ങളും പരിചയപ്പെടൽ, പട്ടികപ്പെടുത്തൽ,റിപ്പോർട്ട്, ചോദ്യാവലി, ജീവചരിത്രക്കുറിപ്പ്, ആത്മകഥ, ഫീൽഡ് ട്രിപ്പ്, വിവരണം,അഭിമുഖ ചോദ്യാവലി - പൊതുലൈബ്രറിയിൽ, വിശകലനക്കുറിപ്പ്.

*ദീർഘം*

*UP*

സ്വന്തമായി പദങ്ങൾ നിർമിക്കുന്നു, ഹിന്ദിയിൽ ആശയവിനിമയം നടത്തുന്നു,പ്രാദേശികപദങ്ങൾ പട്ടികപ്പെടുത്തൽ,പതിപ്പ്, പ്ലക്കാർഡ്, സ്കിറ്റ് അവതരണം സ്വന്തമായി കഥ, കവിത രചിക്കുന്നു,വായനാക്കുറിപ്പ് - ക്ലാസ്സ് തലം.

**H S**

ഹിന്ദി ക്ലാസ്സിൽ ഹിന്ദി സംസാരിക്കുന്നു, സർഗാത്മകരചനകൾ, കഥ, കവിത, പോസ്റ്റർ നിർമാണം,സംവാദം, ചർച്ച,ചുമർപത്രം, കൊളാഷ്, മാഗസിൻ സ്വതന്ത്ര രചന, കാർട്ടൂൺ, കവിത, കഥ, ഉപന്യാസം, ലേഖനം, കത്ത് വായനാമൂല, വായ നാമത്സരം,വായനാക്കുറിപ്പ് (സ്കൂൾതലം) വായനക്കൂട്ടം.

## വിഷയം ഗണിതം

**ലക്ഷ്യങ്ങൾ**

1.ദൈനംദിന ജീവിതപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സങ്കലനം, വ്യവകലനം എന്നിവ സഹായകമാകുന്നുവെന്ന് തിരിച്ചറിയുന്നു.

2. വസ്തുക്കളെ ഗണിതാശയങ്ങൾ ഉൾപ്പെടുത്തി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനുമുള്ള കഴിവ് വളർത്തുന്നു.

3. ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടിയെ വളർത്തുന്നു.

4. കൃത്യതയോടും സൂക്ഷ്മതയോടുംകൂടി കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനും പര്യാപ്തമാകുന്നു.

5. ഗണിതപഠനത്തിൽ I C T സാധ്യതകൾ പരമാവധി ഉപയോഗിച്ച് ഗണിത പഠനം ആയാസകരമാക്കുന്നു.

6. ജ്യാമിതീയരൂപങ്ങൾ തിരിച്ചറിയുന്നു, നിർമിക്കുന്നു.

7. സംഖ്യാപാറ്റേണുകൾ എളുപ്പത്തിൽ ചെയ്യുന്നു.

8. ഗുണനപട്ടിക മനഃപാഠമാക്കുന്നു.

9. ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.

10. പ്രശ്നപരിഹാരം, പ്രായോഗികപ്രശ്നപരിഹാരം.

11. ജ്യാമിതിയിൽ നിന്നും സംഖ്യകളിൽ നിന്നും പാറ്റേൺ നിർമിക്കുന്നു.

12. A+ Level ലേക്ക് ഉയർത്താൻ കഴിയുന്ന work sheet കൾ നിർമിക്കുന്നു.

**ഹ്രസ്വം**

**UP, H S**

സംഖ്യാകാർഡുകൾ, ആവർത്തനവായന, എഴുത്ത്, അബാക്കസ്, ചിത്രസ ഹായത്തോടെയുള്ള പഠനം, പേപ്പർ കട്ടിംഗ്സ്, സംഖ്യാകാർഡുകൾ തമ്മിൽ കൂട്ടി സങ്കലനം,പത്തിന്റെ കൂട്ടങ്ങളാക്കൽ ( കല്ല്, ഈർക്കിലി, വളപ്പൊട്ട്, മഞ്ചാടി etc..ഗ്രൂപ്പുകൾ കൂടിചേർന്ന് സങ്കലനം,കുസൃതികണക്കുകൾ (സങ്കലനം, വ്യവകലനം, ഗുണനം, ഹരണം).

**മധ്യമം**

**UP, H S**

സ്ഥാനവിലപോക്കറ്റ് നിർമാണം, ജ്യാമിതീയ രൂപങ്ങൾ പട്ടികപ്പെടുത്തൽ, (നിത്യോപയോഗസാധനങ്ങൾ) വർക്ക് ഷീറ്റുകൾ നിർമാണം, (അധ്യാപിക, കുട്ടികൾ), സങ്കലനപട്ടികപ്രദർശനം, വിലവിവരപട്ടികപ്രദർശനം, തുല്യമായി പങ്കുവെക്കൽ (കേക്ക്, പപ്പടം, ലഡു etc..),ജ്യാമിതീയ രൂപങ്ങൾ വരയ്ക്കൽ, മട്ടകോണിന്റെയും മട്ടങ്ങളുടെയും ഉപയോഗം മനസ്സിലാക്കൽ (ആശാരിപണി) കമ്പ്യൂട്ടർ ഉപയോഗിച്ച് ഗണിതരൂപങ്ങൾ പരിചയപ്പെടുത്തൽ, സംഖ്യാചാർട്ടുകൾ, ഡൈസ്, സംഖ്യാസ്ലിപ്പുകൾ, സംഖ്യാകേളി, സംഖ്യാമാല, പദസൂര്യൻ ഇവയുടെ നിർമാണം.

**ദീർഘം**

**UP, H S**

വർക്ക് ഷീറ്റ് നിർമിച്ച് പതിപ്പ് തയ്യാറാക്കുന്നു, ഗണിതകേളികൾ ക്ലാസ്സ് തലത്തിൽ, ശില്പശാല, കുട്ടിക്കവിതകൾ ശേഖരണം, കണക്കിലെ കളികൾ ശേഖരണം, ജ്യാമതീയ രൂപങ്ങൾ നിർമാണം, (ചതുരം, സമചതുരം, വൃത്തം, ത്രികോണം) ഗണിതശാസ്ത്രജ്ഞന്മാർ അവരുടെ സംഭാവനകൾ (സെമിനാർ, ഉപന്യാസ രചന, ക്വിസ്സ്), വിവിധ പാറ്റേണുകൾ വ്യക്തിഗതമായും സംഘാതമായും നിർമിക്കുന്നു, puzzle നിർമാണം, ഗണിതകേളി, (പദപ്രശ്നം പോലെ) കടയിൽ നിന്ന് സാധനങ്ങൾ വാങ്ങി കൂട്ടാനും കുറയ്ക്കാനുമുള്ള പരിശീലനം (വീട്, വിദ്യാലയം).

## സാമൂഹ്യശാസ്ത്രം

**ലക്ഷ്യങ്ങൾ**

1.അർഥപൂർണമായ ഭൂപടവായന ക്രമീകരിക്കുന്നു.

2.പൊതുവിജ്ഞാനത്തിന് ഊന്നൽ നല്കുന്നു,

3.പ്രാചീന- മധ്യ- ആധുനിക ഇന്ത്യയുടെ പ്രധാന സംഭവങ്ങളെ തരംതിരിക്കുന്നു.

4.പ്രാദേശിക ചരിത്രാവബോധം വളർത്തുക.

5.പഠനയാത്രകൾ സംഘടിപ്പിച്ച് ചരിത്രപഠനം കാര്യക്ഷമമാക്കുന്നു.

6.ക്ലബ്പ്രവർത്തനങ്ങളിലൂടെ സാമൂഹിക അവബോധം വളർത്തുന്നു.

**ഹ്രസ്വം**

**UP**

കേരളം, ഇന്ത്യ, ലോകഭൂപടം പരിചയപ്പെടുന്നു. I C T യിൽ കേരളം ജില്ലകൾ ഗെയിം കളിക്കുന്നു.റോൾപ്ലേ, ദിവസത്തിൽ 2 ചോദ്യങ്ങൾ ന്യൂസ് പേപ്പർ വഴി കണ്ടെത്തുന്നു. മധ്യകാലഇന്ത്യ പരിചയപ്പെടുത്തുന്നു.വിജ്ഞാനം, കല, സാഹിത്യം, നഗരം) ചാർട്ട്, കളക്ഷൻ, I C T സാധ്യത ഉപയോഗിച്ച്

വിവരണം.പ്രദേശത്തെ ചരിത്രസ്മാരക സന്ദർശനം,ചരിത്രപ്രാധാന്യമുള്ളസ്ഥലസന്ദർശനം(ഇന്ത്യ,കേരളം) ആനുകാലിക വിഷയ ങ്ങളെക്കുറിച്ചുള്ള മത്സരങ്ങൾ(അടിക്കുറിപ്പ്, ലേഖനം, പ്രഭാഷണം)

**H S**

ഗ്ലോബ് പരിചയപ്പെടൽ, അക്ഷാംശ രേഖാംശരേഖകൾ,ആഴ്ചയിൽ 10 ചോദ്യങ്ങളും ഉത്തരങ്ങളും നൽകുന്നു. കുട്ടികൾ 10 ചോദ്യങ്ങൾ ശേഖരിക്കുന്നു, ലഘുലേ ഖകൾ നൽകുന്നു.ബോധവത്ക്കരണ ക്ലാസ്സ്, power point presentation (social teacher) ആനുകാലിക വിഷയങ്ങൾ (ഉപന്യാസം, നിമിഷപ്രസംഗം).

**മധ്യമം**

**UP**

കേരളത്തിന്റെ ജില്ലകൾ കുട്ടികൾ കണ്ടെത്തുന്നു,ഇന്ത്യയുടെ സംസ്ഥാനങ്ങൾ കണ്ടെത്തുന്നു,ലോകം-വൻകരകൾ കണ്ടെത്തുന്നു, My social collections (coins,,stamps, soil, paper cuttings).മധ്യകാലലോകത്തിലെ നഗരങ്ങൾ ഏവയെന്നും വിവിധ മേഖലകളിലുള്ള വളർച്ച എങ്ങനെയെന്ന് കണ്ടെത്തി വിവരിക്കുന്നു വിവരണംതയ്യാറാക്കൽ, ചിത്രപതിപ്പ്,കുറിപ്പ് തയ്യാറാക്കുക,പതിപ്പ്, കാർട്ടൂൺ, flow chart.

**H S**

അക്ഷാംശരേഖാംശരേഖകൾക്കനുസരിച്ചുള്ള വ്യത്യസ്ത കാലാവസ്ഥ മേഖലകൾ കണ്ടെത്തി വിലയിരുത്തുന്നു,ക്വിസ്സ് - 3 മാസത്തിലൊരിക്കൽ, ചുമർപത്രം, കൊളാഷ്, ഫീൽഡ് ട്രിപ്പ് (ചിറമനങ്ങാട്, തൃശ്ശൂർ മ്യൂസിയം, കുസാറ്റ്, ചൊവ്വന്നൂർ, I S R O, )ഓരോ കുട്ടിയും അവരവരുടെ പ്രദേശത്തിന്റെ ചരിത്രം തയ്യാറാക്കുന്നു. ചരിത്രനേതാക്കന്മാർ- അഭിമുഖം, സംവാദം, ചോദ്യാവലി) സന്ദർശനറിപ്പോർട്ട്,അറ്റ്ലസ് നിർമാണം, ക്വിസ്സ് മത്സരം.

**ദീർഘം**

**UP**

ഭൂപടനിർമാണം,ആൽബപ്രദർശനം,താരതമ്യക്കുറിപ്പ് (മധ്യകാലം, ആധുനിക കാലം) ചരിത്രപഠന അവലോകനം,ക്വിസ്സ് മത്സരം,ചുമർപത്രം, ആൽബം

**H S**

ഭൂപടനിർമാണം (മണ്ണ്, മണൽ, കക്ക, വളപ്പൊട്ട് etc.. )ഗ്ലോബ് നിർമാണം പൊതുവിജ്ഞാനകോശം തയ്യാറാക്കുന്നു,പതിപ്പ് (പ്രാചീന, മധ്യ,ആധുനികഇന്ത്യ) റിപ്പോർട്ട്, ചരിത്രരേഖകൾ ശേഖരണം, ഡയഗ്രം തയ്യാറാക്കൽ സെമിനാർ , മാഗസിൻ, വളരുന്ന സാമൂഹ്യശാസ്ത്രപുസ്തകം, എന്റെ സോഷ്യൽ കളക്ഷൻ.

**വിഷയം ശാസ്ത്രം UP**

**ലക്ഷ്യങ്ങൾ**

1. സസ്യവൈവിധ്യത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് സംരക്ഷണ മാർഗങ്ങൾ നിർദേശിക്കുന്നു.

2. ശുദ്ധജലസ്രോതസ്സുകൾ മലിനമാകുന്ന സാഹചര്യങ്ങൾ കണ്ടെത്താനും ജലസംരക്ഷണമാർഗങ്ങൾ നിർദേശിക്കാനും പ്രാവർത്തികമാക്കാനും കഴിയുന്നു.

3. മഴക്കാലദുരന്തങ്ങൾ ഒഴിവാക്കാനുള്ള മുൻകരുതലുകൾ നിർദേശിക്കുക. നാം ഉപയോഗിക്കുന്ന പച്ചക്കറികളിൽ ചിലതെങ്കിലും സ്വന്തമായി ഉല്പാദിപ്പിക്കേ ണ്ടവയാണെന്ന് തിരിച്ചറിയുന്നതിനും പച്ചക്കറിത്തോട്ടം നിർമിക്കുന്നതിനും.

4. വ്യക്തിശുചിത്വം,സാമൂഹികശുചിത്വം എന്നിവയുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് നിർദേശങ്ങൾ നൽകാനും ശുചിത്വം പാലിക്കാനും.

5. ഊർജസംരക്ഷണപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നു.

**ഹ്രസ്വം, മധ്യമം, ദീർഘം പ്രവർത്തനങ്ങൾ**

സസ്യആൽബം(ഇല,വേര്,തടി,പൂവ്,വിത്ത്)ശാസ്ത്രപതിപ്പുകൾ,പൂന്തോട്ടനിർമാണം, ലഘുപരീക്ഷണങ്ങൾ, വിവിധതരം വിത്തു മുളപ്പിക്കൽ (നിരീക്ഷണ പഠനം)പഠനയാത്രകൾ, ബോധവത്ക്കരണ ക്ലാസ്സുകൾ (കൃഷിയോട്താത്പര്യം)മഴക്കുഴിനിർമാണം,(വീട്,വിദ്യാലയം) പ്രോജക്ട്,മഴവെള്ളസംഭരണം,ഊർജസംരക്ഷണം (വീട്,വിദ്യാലയം), പരിസ്ഥിതിസംരക്ഷണ പ്രവർത്തനങ്ങൾ,ശലഭോദ്യാനം, ജൈവവൈവിധ്യപാർക്ക്, സർവ്വേ,വൈദ്യുതിനിയന്ത്രണം,(ചോദ്യാവലി,അഭിമുഖം, അനുഭവം പറയൽ)

**വിഷയം ശാസ്ത്രം HS ബയോളജി**

**ലക്ഷ്യങ്ങൾ**

1.മൈക്രോസ്കോപ്പിന്റെ ധർമങ്ങൾ പഠിക്കുന്നു.

2.വിവിധ രോഗങ്ങളുടെ പേരുകൾ രോഗകാരണങ്ങൾ എന്നിവയെക്കുറിച്ചുള്ള ധാരണ.

3.ശരീര അവയവങ്ങളെ ക്കുറിച്ച് മനസ്സിലാക്കുന്നു.

4.കൃഷിയുടെ പ്രാധാന്യം തിരിച്ചറിയുന്നു. കൃഷി ഒരു കലയാണ് .

5.സസ്യങ്ങൾ -ജന്തുക്കൾ എന്നിവയുടെ പ്രാധാന്യത്തെക്കുറിച്ച് പഠിക്കുന്നു.

6.ജൈവവൈവിധ്യ ഉദ്യാന നിർമ്മാണം

മൈക്രോസ്കോപ്പ്നിരീക്ഷണം,സസ്യകോശം,ജന്തുകോശംഎന്നിവ മൈക്രോസ്കോപ്പിലൂടെ നിരീക്ഷിക്കുന്നു. രോഗങ്ങളെ തരംതിരിച്ച് പട്ടികപ്പെടുത്തുന്നു. ശരീരാവയവങ്ങളുടെ ഘടന മനസ്സിലാക്കുന്നു. വിവിധ കൃഷിസ്ഥലങ്ങൾ സന്ദർശിക്കുന്നു. വിദ്യാലയത്തിലും വീട്ടിലും ഉള്ള സസ്യങ്ങളെ തിരിച്ചറിയുന്നു. പേരു കുറിക്കുന്നു.

**മധ്യമകാലം**

സസ്യത്തിന്റെ വിവിധഭാഗങ്ങളുടെ ഛേദങ്ങളെടുത്ത് മൈക്രോസ്കോപ്പിലൂടെ നിരീക്ഷിക്കുന്നു. രോഗകാരണങ്ങളും അവയ്ക്കെതിരെയുള്ള മുൻകരുതലുകളും (ശില്പശാല, ബോധവത്ക്കരണം) ജൈവകൃഷിയുടെ പ്രാധാന്യം തിരിച്ചറിയുന്നു. അനുഭവസമ്പന്നരുടെ ക്ലാസ്സ് സംഘടിപ്പിക്കുന്നു. സസ്യങ്ങളുടെ ശാസ്ത്രനാമം തിരിച്ചറിയുന്നു.

**ദീർഘകാലം**

മൈക്രോസ്കോപ്പ് സ്വന്തമായി ഉപയോഗിക്കുന്നു. സസ്യത്തിന്റെ വിവിധഭാഗങ്ങൾ സ്വയമെടുത്ത് മൈക്രോസ്കോപ്പിലൂടെ നിരീക്ഷിച്ച് ഭാഗങ്ങൾ തിരിച്ചറിയുന്നു. സർവ്വേ - പ്രദേശത്തുള്ള സാംക്രമികരോഗങ്ങൾ, ജീവിതശൈലീരോഗങ്ങൾ സെമിനാർ വിവിധരോഗങ്ങൾ(2018-19) പ്രതിവിധികൾ 2019-20)ജൈവകമ്പോസ്റ്റ്,മണ്ണിരക്കമ്പോസ്റ്റ്(സ്കൂൾ,വീട്) പച്ചക്കറിത്തോട്ടം (വീട്, വിദ്യാലയം) സ്വന്തമായി കൃഷി ചെയ്യുന്നു. കൃഷിരീതികൾ സ്വായത്തമാക്കുന്നു.

## വിഷയം കെമിസ്ട്രി

**ലക്ഷ്യങ്ങൾ**

1.പീരിയോഡിക് ടേബിളിന്റെ ചരിത്രം തിരിച്ചറിയുന്നു.

2.അലോഹമൂലകങ്ങളുടെ പ്രതീകവും സവിശേഷതകളും ഉപയോഗവും മനസ്സിലാക്കുന്നു.

3.കാർബൺ അടങ്ങിയ വിവിധതരം സംയുക്തങ്ങളെ തിരിച്ചറിയുന്നു.

4.വാച്ച് ഗ്ലാസ്സ്, ബീക്കർ, ഗ്ലാസ്സ് റോഡ്, എന്നിവ ഉപയോഗിച്ച് വിവിധതരം മിശ്രിതങ്ങളും ലായനികളും കുട്ടികൾ ഉണ്ടാക്കുന്നു. ഉപകരണങ്ങളെ കൈകാര്യം ചെയ്യാൻ പഠിക്കുന്നു.

**ഹ്രസ്വകാലം**

പീരിയോഡിക് ടേബിളിലെ മൂലകങ്ങളിൽ നിന്നും ലോഹങ്ങളെ വേർതിരിക്കുന്നു. ലോഹങ്ങളുടെ സവിശേഷതകൾ, ഉപയോഗങ്ങൾ എന്നിവതിരി ച്ചറിയുന്നു. മൂലകങ്ങളുടെ പേര്,പ്രതീകം,സംയുക്തങ്ങൾ തന്മാത്രകളുടെ എണ്ണം ആറ്റങ്ങളുടെ എണ്ണം എന്നിവ മനസ്സിലാക്കുന്നു. ' *മധ്യമം'* കാറ്റയോണുകളും ആനയോണുകളും തിരിച്ചറിഞ്ഞ് രാസസൂത്രം എഴുതുന്നു. രാസവാക്യങ്ങൾരൂപീകരിക്കുന്നു.രാസവാക്യങ്ങൾസമീകരിക്കുന്നു.അലോഹ സംയുക്തങ്ങൾ, അവയുടെ രാസസൂത്ര ഉപയോഗം എന്നിവ പഠിക്കുന്നു. കാർബണികസംയുക്തങ്ങളുടെ ഘടന അറിയുന്നു. കാർബൺ ആറ്റങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ I UPAC നാമകരണവും പഠിക്കുന്നു. മിശ്രിതങ്ങളിലെ ഘടകങ്ങളെ വേർതിരിക്കൽ (സെപ്പറേറ്റിങ്ങ് ഫണൽ, കാന്തം, ഫിൽട്ടർ പേപ്പർ, RB Flask,ക്രോമാറ്റോഗ്രഫി, സെൻട്രിഫ്യൂജ്) ക്രിയാശീല ശ്രേണി പരിചയപ്പെടുന്നു.

**ദീർഘം**

പീരിയോഡിക് ടേബിളിലെ പിരീഡ്, ഗ്രൂപ്പ്, ബ്ലോക്ക് എന്നിവയുടെ സവിശേഷതകൾ മനസ്സിലാക്കുന്നു. നിത്യജീവിതത്തിൽ ഉപയോഗിക്കപ്പെടുന്ന മൂലകങ്ങളുടെ സവിശേഷതകൾ,ചരിത്രം എന്നിവ കണ്ടെത്തുന്നു. (സെമിനാർ)അലോഹമൂലകങ്ങളായ ഓക്സിജൻ, ക്ലോറിൻ എന്നിവയുടെ ഗുണങ്ങളും ദോഷങ്ങളും മനസ്സിലാക്കുന്നു. ഓസോൺപാളിയുടെ ശോഷണത്തിനും ആഗോളതാപനത്തിനുമുള്ള കാരണങ്ങളുംപ്രതിവിധികളും(സെമിനാർ)വ്യാവസായികപ്രാധാന്യമുള്ളരാസവളങ്ങളുടെ നിർമാണം ($NH_3$, $H_2SO_4$) ശാഖകളും ഫങ്ഷനൽ ഗ്രൂപ്പുകളും ഉള്ള കാർബണിക സംയുക്തങ്ങളുടെയും വലയ സംയുക്തങ്ങളുടെയും IUPAC നാമകരണവും അവയുടെ രാസപ്രവർത്തനവും (സെമിനാർ),വിവിധതരം ലായനികളെയും (ഖരം, ദ്രാവകം, വാതകം) അധികലീനം, ലായകം, എന്നിവയെയും മനസ്സിലാക്കുന്നു. പൂരിതലായനി, അപൂരിതലായനി, അതിപൂരിതലായനി (നിർമാണം) കൃത്രിമ പാനീയങ്ങൾ, ആഹാര പദാർഥങ്ങൾ (പ്രോജക്റ്റ്)ലോഹങ്ങൾ കൊണ്ടുണ്ടാക്കുന്ന വിവിധതരം വൈദ്യുത രാസസെല്ലുകൾ, അവയുടെ പ്രവർത്തനം, ഉപയോഗം, എന്നിവ തിരിച്ചറിയുന്നു. ലോഹനാശത്തിനുള്ള കാരണങ്ങൾ തടയാനുള്ള മാർഗങ്ങൾ (പ്രോജക്റ്റ്)

## വിഷയം ഫിസിക്സ്

**ലക്ഷ്യങ്ങൾ**

1. ബാറ്ററി, സ്വിച്ച്, ബൾബ് തുടങ്ങിയഉപകരണങ്ങൾ പരിചയപ്പെടുന്നു.

2. കപ്പാസിറ്റർ , ഡയോഡ്,ട്രാൻസിസ്റ്റർ,ഇൻഡക്ടർ,റെസിസ്റ്റർമുതലായഇലക്ട്രോണിക് കമ്പോണെന്റുകൾ തിരിച്ചറിയാൻ പഠിക്കുന്നു.

3. ലെൻസുകൾ, ദർപ്പണങ്ങൾ എന്നിവ പരിചയപ്പെടുന്നു.

**ഹ്രസ്വം**

വൈദ്യുത സർക്കീട്ടുകൾ സന്ദർശിക്കുന്നു. നിരീക്ഷിക്കുന്നു, (ബാറ്ററി, സ്വിച്ച്, ബൾബ്) വൈദ്യുത ഉപയോഗം, വാട്ട്, ഔർ, മീറ്റർ എന്നിവ മനസ്സിലാക്കുന്നു.

**മധ്യമം**

ഇലക്ട്രോണിക് കമ്പോണെന്റുകൾ ഉൾപ്പെടുത്തിയുള്ള ആധുനിക സാങ്കേതികവിദ്യ (കമ്പ്യൂട്ടർ. ഫോൺ, ഇന്റർനെറ്റ്) ഗ്രഹിക്കുന്നു. ലെൻസുകൾ, ദർപ്പണങ്ങൾ എന്നിവ പരിചയപ്പെട്ട് അവയുമായി ബന്ധപ്പെട്ട പദങ്ങൾ അവയുടെ പ്രതിബിംബ രൂപീകരണങ്ങൾ, രേഖാചിത്രങ്ങൾ എന്നിവ ചെയ്യുന്നു.

**ദീർഘം**

സെമിനാർ- വൈദ്യുതി നിയന്ത്രണ ബോധവത്ക്കരണം പ്രോജക്ട് സ്വന്തം വീട്ടിലെ വൈദ്യുത റീഡിംഗ് നിയന്ത്രിച്ച് ഊർജസംരക്ഷണത്തിൽ പങ്കാളിയാകുന്നു.സെമിനാർ ആധുനിക വിവര വിനിമയ സാങ്കേതിക വിദ്യ (ഗുണങ്ങൾ, ദോഷങ്ങൾ, ഫലപ്രദമായ ഉപയോഗം)ലെൻസ്, ദർപ്പണങ്ങൾ എന്നിവയുടെ ഉപയോഗങ്ങൾ നിത്യ ജീവിതത്തിൽ കണ്ടെത്തുന്നു. ഉദാ കണ്ണടകൾ, വാഹനങ്ങളുടെ റിവ്യൂമിറർ, കണ്ണിന്റെ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് പ്രശ്നപരിഹാരം നേടുന്നു.

## വിഷയം - ആരോഗ്യ കല കായിക വിദ്യാഭ്യാസം

ലക്ഷ്യങ്ങൾ

1. ശാരീരിക മാനസിക വളർച്ചയുടെ വികാസം.

2. കായിക വിദ്യാഭ്യാസത്തിന്റെ അനുഭവങ്ങൾ ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുക.

3. കുട്ടിയുടെ ആരോഗ്യ കായിക വികാസഘട്ടങ്ങളെ ശാസ്ത്രീയമായി പോഷിപ്പിക്കുകയും ആരോഗ്യകരമായ ജീവിതശീലങ്ങളും മനോഭാവങ്ങളും വളർത്തുകയും ചെയ്യുക.

4. കുട്ടിയുടെ സർവ്വതോന്മുഖമായ വികാസം ഉറപ്പു വരുത്തുക.

5. കലയുടെ ആസ്വാദ്യത ഉൾക്കൊണ്ട് സാമൂഹിക ജീവിതത്തിൽ മാനവികമായ കാഴ്ചപ്പാടുകൾ രൂപീകരിക്കുന്നതിന്.

6.കലയെ ഉൾപ്പെടുത്തി മറ്റു വിഷയപഠനം സുഗമമാക്കാൻ.

- കലയെ മനസിലാക്കൽ
- കല അഭ്യസിക്കൽ,
- കലയിലൂടെ മറ്റു വിഷയങ്ങൾ പഠിക്കൽ,
- മറ്റു പഠനമേഖലകളിലൂടെ കലാപരമായി വളരാനവസരമൊരുക്കൽ (ഐ ടി പഠനം വീഡിയോ ഗ്രാഫിയും സിനിമ നിർമാണവും ഡിസൈനിംഗും ആൽബനിർമാണവും ഫോട്ടോഷോപ്പും ഒക്കെയായി വികസിച്ചത് പോലെ)

**ഹ്രസ്വം**

General Exercise, മൈനർ ഗെയിം, (ശാരീരിക മാനസിക വൈകല്യം സംഭവിച്ചവർക്ക്) എല്ലാ ദിവസവും വിവിധതരം ഗെയിം പരിചയപ്പെടൽ - Kho-Kho, Kabaddi, Handball etc. (സബ് ജില്ല, ജില്ലാ, സ്റ്റേറ്റ്),തായ്ക്കോണ്ടേ, കരാട്ടെ പരിശീലനം (ആഴ്ചയിൽ 2 ദിവസം) പരിശീലനശേഷം വിവിധ Belt കളുടെ Test നായി വർഷാവർഷങ്ങളിൽ ഒരുക്കം നടത്തുന്നു

**മധ്യമം**

കരാട്ടെ, തായ്ക്കോണ്ടെ, തുടർപരിശീലനം,Higher belt ലഭിക്കാൻ പ്രത്യേകപരിശീലനം, പ്രോത്സാഹനം. സ്പോട്സിനോട് താത്പര്യമുള്ളവർക്ക് പ്രത്യേകപരിശീലനം (തുടർച്ചയായി ). ചിത്രം വരയ്ക്കാൻ കൊളാഷുകളുടെ നിർമ്മാണത്തിന് .

**ദീർഘം**

താക്ക്വോണ്ടെ, കരാട്ടെ, കബഡി ,ക്രിക്കറ്റ്,ഫുട്ബോൾ മത്സരങ്ങൾക്ക് Talent ആയ കുട്ടികൾക്ക് സ്പെഷ്യൽ കോച്ചിംഗ് ( 5 വർഷവും തുടർച്ചയായി) (10 കുട്ടികളെയെങ്കിലും State മെഡലിന് അർഹരാക്കുക) നാടകാവിഷ്കാരത്തിന് ,കവിതകളുടേയും മറ്റും ദൃശ്യവിഷ്കാരത്തിന് ,വിവധ വസ്തുക്കൾ ഉപയോഗിച്ച് റിലീഫ് ചിത്രങ്ങളുടെ നിർമ്മാണത്തിന് ,വിവിധരൂപങ്ങളുടേയും മോഡലുകളുടേയും നിർമ്മാണത്തിന് സയൻസ് ക്ലാസുകളിലെ ഉപകരണങ്ങളുടെ നിർമ്മാണത്തിന് ,ആൽബം തയ്യാറാക്കുന്നതിന് കവിതയും കഥകളും രചിക്കുന്നതിന് ,പതിപ്പുകൾ തയ്യാറാക്കുന്നതിന്,പത്രങ്ങൾ തയ്യാറാക്കുന്നതിന്, പ്രദർശനങ്ങൾ ഒരുക്കുന്നതിന്.

## വിഷയം I C T

**ലക്ഷ്യങ്ങൾ**

1.വിവരവിനിമയ സാങ്കേതിക വിദ്യ പ്രദാനം ചെയ്യുന്ന വിഭവങ്ങളാൽ ശാക്തീകൃതമായ പഠനം വിദ്യാലയത്തിൽ പ്രവർത്തികമാക്കി നൂതനസാങ്കേതിക വിദ്യയുടെ മികവ് ക്ലാസ്സ് മുറികളിൽ പ്രയോജനപ്പെടുത്തുക.

2.പഠനവിഭവങ്ങൾ തയ്യാറാക്കിയവ സ്കൂളിൽ എല്ലാവർക്കും പ്രയോജനപ്പെടുത്താൻ കഴിയത്തക്കവിധം സൂക്ഷിക്കാനായി ഓഫ് ലൈൻ റെപ്പോസിറ്റി ഒരുക്കുക

3.ഇന്റർനെറ്റിലെ വിവിധ സേവനങ്ങൾ പരിചയപ്പെടുക, ചതിക്കുഴികൾ കണ്ടെത്തുക, അതോടൊപ്പം വിക്കി സോഫ്റ്റ് വെയർ ഉപയോഗിക്കാൻ പഠിക്കുക

4.പഠനബോധനപ്രക്രിയക്ക് ആവശ്യമായ ഡിജിറ്റൽ ഉള്ളടക്കം കണ്ടെത്തുക, തയ്യാറാക്കുക

5.വേഡ് പ്രോസസിങ്ങിന്റെ കൂടുതൽ സാധ്യതകൾ പരിചയപ്പെടുത്തുക, പ്രോജക്ട് പോലുള്ള പഠനപ്രവർത്തനങ്ങളുടെ നിർവഹണത്തിന് സ്പ്രെഡ് ഷീറ്റ്, പ്രസന്റേഷൻ തുടങ്ങിയ സോഫ്റ്റ് വെയറുകൾ ഉപയോഗിക്കാൻ പ്രാപ്തരാക്കുക.

**ഹ്രസ്വ , മധ്യമ , ദീർഘകാല പ്രവർത്തനങ്ങൾ**

1.എല്ലാ വിഷയങ്ങളും I C T പഠനത്തിലൂടെ - smart class ഡിജിറ്റൽ പഠനം(H S) ഡിജിറ്റൽ പെയിന്റിംഗ്(UP) വെബ് പേജ് രൂപീകരണം സ്ലൈഡ് പ്രസന്റേഷൻ IT പ്രോജക്ടുകൾ മലയാളം ടൈപ്പിംഗ് (UP, H S) IT ക്വിസ്സ് (UP, H S) , Video നിർമ്മാണം,Audio റെക്കോർഡിംഗ്.

2.പവർ പോയിന്റ് പ്രസന്റേഷൻ( അധ്യാപകർ, വിദ്യാർഥികൾ) സ്കൂൾ വെബ്സൈറ്റ് - കുട്ടികളുടെ സൃഷ്ടികൾ കൂടുതൽ ഉൾപ്പെടുത്തൽ Short film നിർമാണം - പഠനാനുബന്ധമായി(വിദ്യാർഥികൾ, അധ്യാപകർ, രക്ഷിതാക്കൾ, ജനപ്രതിനിധികൾ) Teaching Aids – Teachers ഡിജിറ്റൽ ലൈബ്രറി School വാട്സ് ആപ്പ് ഗ്രൂപ്പ് വികസനം ,ഷോർട്ട് ഫിലിം നിർമ്മാണം.

## മാസ്റ്റർ പ്ലാൻ -- രൂപീകരണ പ്രക്രിയ

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി വിദ്യാലയങ്ങൾ തയ്യാറാക്കിയ അക്കാദമിക് മാസ്റ്റർ പ്ലാൻ അതിന്റെ നിർവഹണ ഘട്ടത്തിലേക്കു കടക്കുന്നു. സമഗ്രമായ വികാസം ലക്ഷ്യമിട്ട് ജില്ലയിലെ പൊതുവിദ്യാലയങ്ങളാണ് കഴിഞ്ഞ അക്കാദമിക വർഷം അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയത്. അധ്യാപക രക്ഷാകർതൃ സമിതി, വിദ്യാലയ വികസനസമിതി പൂർവ അധ്യാപകർ, വിദ്യാർഥികൾ, പ്രാദേശിക ജനസമൂഹം, വിദ്യാഭ്യാസ പ്രവർത്തകർ തുടങ്ങിയവർ ഓരോ വിദ്യാലയവും കേന്ദ്രീകരിച്ച് നടത്തിയ കൂട്ടായ ചർച്ചയിലൂടെയാണ്. വരുന്ന അഞ്ച് വർഷത്തെ മുന്നിൽ കണ്ടുകൊണ്ട് അക്കാദമിക മികവിന് ഊന്നൽ നൽകിയാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്.

## പ്രവർത്തന പദ്ധതി രൂപരേഖ

### പ്രവർത്തന പദ്ധതി രൂപരേഖ - മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ UP & HS | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. മുഴുവൻ കുട്ടികൾക്കും സർഗാത്മക രചനകൾക്കുള്ള അവസരം നല്കുക. സവിശേഷ സഹായമർഹിക്കുന്ന കുട്ടികൾക്കും തിളങ്ങാനുമുള്ള അവസരം നല്കുക.<br><br>2. എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.<br><br>3. എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നു.എല്ലാ കുട്ടികളും തെറ്റു കൂടാതെ എഴുതാനും , പറയാനും കഴിയുന്നു എന്നു ഉറപ്പു വരുത്തുക.<br><br>4. സാഹിത്യാഭിരുചി | 1. **ലാംഗേജ് ലാബ്**<br><br>**U P**<br><br>കഥ, കവിത, ചിത്രരചനകൾ, സമാനപദങ്ങൾ ഉപയോഗിച്ച് വാക്യരചനകൾ , (അക്ഷരദീപം ക്ലാസ്സ് ) പദകാർഡ് വായന, ചിത്രപദക്കാർഡ് വായന, വായനാമത്സരം, നിഘണ്ടുനിർമാണം, വായനാമത്സരം, പത്രവായന, ദൃശ്യവായന, പുസ്തകവായന, ചിത്രവായന, ഒരു കുട്ടി ഒരു പുസ്തകം സംഭാവന, പുസ്തകത്തെ പരിചയപ്പെടുത്തൽ,സൂചനകൾ നല്കി കഥ, കവിതാരചന,നാടൻ കഥകൾ, കവിതകൾ കേൾക്കൽ, കഥാവതരണം (ഉദാ ആമയും മുയലും),നാടൻ കലകളുടെ പ്രദർശനം, അവതരണം. വാക്യകേളികൾ (ഒരു നിമിഷം,വരയ്ക്കാം പറയാം ) വീഡിയോ നിർമ്മാണം . ഓഡിയോ റെക്കോർഡിംഗ്.<br><br>H S<br><br>ഒരു വിഷയത്തെക്കുറിച്ച് പ്രസംഗം, പ്രഭാഷണം എന്നിവ തയ്യാറാക്കുക, പോസ്റ്റർ നിർമാണം, കാലാനുസൃതമായ വിഷയങ്ങൾ തെരഞ്ഞെടുത്ത് ഉപന്യാസരചന, സാഹിത്യകാരന്മാരുടെ ആൽബം തയ്യാറാക്കൽ,ലൈബ്രറി പുസ്തകവായന, നവപ്രഭ ക്ലാസ്സ്, പാഠപുസ്തകവായന, ഡയറി എഴുത്ത്, അനുഭവക്കുറിപ്പ്, പുസ്തകവായന, വാ | ഹ്രസ്വം | **BRC,DIET**<br><br>**PTA,SMC,SRG**<br><br>**CONCERN TEACHERS** | **1. C S R FUNDS**<br>**2. GOVT FUNDS**<br>**3. വിവിധ സഹായങ്ങൾ** |

| | | | | |
|---|---|---|---|---|
| **വളർത്താനുള്ള പ്രവർത്തനങ്ങൾ കണ്ടെത്തുക.**<br><br>**5.** ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാഭ്യാസ സാധ്യതകളെപ്രയോജനപ്പെടുത്തുക.ICT<br><br>**6.**ഭാഷാവികാസവും പ്രാധാന്യവും കുട്ടികളിലേക്ക് എത്തിക്കുവാൻ .<br><br>**7.**സാംസ്കാരികവും,പ്രദേശികവുമായ ചരിത്രകേന്ദ്രം, സ്മാരകം ആക്കി മാറ്റുക. | യിച്ച പുസ്തകത്തിന്റെ ആശയം കുറിക്കൽ.നാടകീകരണം , കൊറിയോഗ്രാഫി , ഓഡിയോ റെക്കോർഡിംഗ് .<br><br>**2 .ഡിജിറ്റൽ ലൈബ്രറി**<br><br>അടുത്തുള്ള വിദ്യാലയത്തിലെ ലൈബ്രറി സന്ദർശനം (one day), പൊതു ലൈബ്രറി,ക്ലാസ്സ് വായനാമൂലകൾ...<br><br>ആപ്തവാക്യങ്ങൾ ......രചന<br><br>അമ്മ വായന ,വായനയുടെ വിശാല ലോകം സമൂഹത്തിന്...... പുസ്തക പല്ലക്ക്...<br><br>**3. ഭാഷാ വികസനം സമൂഹത്തിലേക്ക്**<br><br>രണ്ട്പുസ്തകക്കുറിപ്പ് ,വിഷയം നല്കി കഥ,കവിതാരചന, പ്രാദേശിക സാഹിത്യകാരന്മാരെ പരിചയപ്പെടൽ, സാഹി ത്യപ്രശ്നോത്തരി , ഫീൽഡ് ട്രിപ്പ് (കലാമണ്ഡലം) അനുഭവക്കുറിപ്പ്, പത്രവാർത്താ ശേഖരണ പതിപ്പ്.കമ്മ്യൂണിറ്റി റോഡയോ.<br><br>**4. വിവിധ ദിനാചരണങ്ങൾ** | | | |
| | **UP**<br><br>കഥാപതിപ്പ്, കവിതാപതിപ്പ്, ചിത്രപതിപ്പ് വാക്യരചനാപുസ്തകമത്സരം, (ക്ലാസ്സ് തലം)പദച്ചേരുവകൾ, കേട്ടെഴുത്ത്, സംഘപ്രവർത്തനങ്ങൾ, ലൈബ്രറി പുസ്തകം ഒരു പേജ് വായിച്ച് ആശയം എഴുതി തെറ്റ് തിരുത്തൽ (UP)ചുമർപത്രം, ആസ്വാദനക്കുറിപ്പ് മത്സരം ക്ലാസ്സ് തലം കവിയരങ്ങ്, കാവ്യകേളി, കാവ്യാലാപനം, അക്ഷരശ്ലോകം,ദൃശ്യാവിഷ്കാരം,പത്രവാർത്തകൾ<br><br>**H S** | മധ്യമം | **BRC,DIET**<br><br>**PTA,SMC,SRG**<br><br>**CONCERN TEACHERS** | **1. S R FUNDS**<br>**2. GOVT FUNDS**<br>**3. വിവിധ സഹായങ്ങൾ** |

| | | | | |
|---|---|---|---|---|
| | എല്ലാ കുട്ടികൾക്കും പ്രസംഗം പറയാനുള്ള അവസരം, അസംബ്ലിയിൽ,പ്രഭാഷണം,അവതരിപ്പിക്കുക,ഉപന്യാസരചനാമത്സരം,പുസ്തകക്കുറിപ്പ്തയ്യാറാക്കൽ,പത്രക്കട്ടിംഗ്സ് ശേഖരിച്ച് വായനാമത്സരം, ദിനാചരണവുമായി ബന്ധപ്പെട്ട സാഹിത്യരചനകൾ കൊളാഷ്, ആസ്വാദനം, കാർട്ടൂൺ, വായനാക്കുറിപ്പ് മത്സരം സ്കൂൾതലം കവിയരങ്ങ്, സെമിനാർ,പ്രാദേശികകലാരൂപങ്ങൾ പ്രോജക്ട് ,യാത്രാവിവരണം, സാഹിത്യചരിത്ര രചന ദൃശ്യാവിഷ്കാരം,പത്രവാർത്ത തയ്യാറാക്കൽ. കലാ ആസ്വാദനത്തിനായ് ഡോമോൺ സ്ട്രേഷൻ ക്ലാസ്സുകൾ.<br><br>മുടിയേറ്റ്, കളംമെഴുത്ത് , തുള്ളൽ , തെയ്യം , പുള്ളുവൻ പാട്ടുകൾ, വിവിധ നാടൻ കലകൾ .....<br><br>**5. ശില്പശാല**<br><br>നാടൻപാട്ട് ,കഥ, കവിത, കവിതാലാപനം, പുസ്തകാസ്വാ ദനം ,അഭിനയം ,തിരക്കഥാരചന , വീഡീയോ നിർമ്മാണം.<br><br>**സെമിനാറുകൾ**<br><br>വിവിധ സാഹിത്യ സെമിനാറുകൾ സംഘടിപ്പിക്കുക. | | | |
| | U P<br><br>എന്റെ സ്വന്തം കവിതാസമാഹാരം, ചിത്രസമാഹാരം, കഥാസമാഹാരം,വർക്ക് ഷീറ്റ്, പാഠവായന, ന്യൂസ് പേപ്പർ വായന, പദസൂര്യൻ പൂർത്തിയാക്കൽ, വിട്ടുപോയവ കണ്ടെത്തൽ തിരക്കഥാരചന, കവിതാരചന, കഥാരചന സ്വന്തമായി വിഷയം തെരഞ്ഞെടുത്ത് കഥ, കവിത രചിക്കുന്നു ക്വിസ് മത്സരങ്ങൾ,, നാടൻ പാട്ട് അവതരണം.<br><br>H S<br><br>ആൽബപ്രദർശനം ക്ലാസ്സ് തലം, സ്കൂൾതലം | ദീർഘം | | |

| | | | | |
|---|---|---|---|---|
| | എന്റെ ഡയറി, യാത്രാ വിവരണം, ഓർമക്കുറിപ്പുകൾ, വിവരണം, വർണനനാടകരചന, തിരക്കഥാരചന, വിമർശനാത്മകപഠനം, സാഹിത്യമേളകൾ, ദിനാചരണ മത്സരങ്ങൾ തൽസമയ സംപ്രേഷണം (കുട്ടികൾ, അധ്യാപകർ, LCD പ്രൊജക്ടറിൽ) ദൃക്സാക്ഷി വിവരണം വീഡിയോ പ്രദർശനം, വീഡിയോ നിർമ്മാണം. (മത്സരം)ചിത്രരചനാ മത്സരം-സംസ്ഥാനതലം കൈയെഴുത്തു മത്സരം - സംസ്ഥാന തലം<br><br>നാടകരചനാമത്സരം<br><br>**6. ഷോർട്ട്ഫിലിം നിർമാണം -മത്സരം**<br><br>**7. ഡിജിറ്റൽ മാഗസിൻ നിർമ്മാണം**<br><br>**കൈയെഴുത്തു മാസിക , ലിറ്റിൽ മാഗസിൻ മാസത്തിലൊരിക്കൽ**<br><br>**8. നാടകക്കളരി** | | | |
| | **9.പ്രാദേശിക സാംസ്കാരിക ചരിത്ര മ്യൂസിയം**<br><br>കാർഷിക ഉപകരണങ്ങൾ, ചരിത്ര വസ്തുകൾ പൈതൃക വസ്തുക്കൾ , കല (ശേഖരണം ) ചിട്ടപ്പെടുത്തൽ,തയ്യാറെടുപ്പ് ,സജ്ജീകരണം | ദീർഘം | സാമൂഹിക സാംസ്കാരിക വകുപ്പ് പ്രദേശിക നിവാസികൾ സാമൂഹിക പ്രവർത്തകർ | CSR Funds |

## പ്രവർത്തന പദ്ധതി രൂപരേഖ - ഇംഗ്ലീഷ്

| Aims | Activity | Period | Duties/ Supporters | Finance |
|---|---|---|---|---|
| 1.Improve listening skill | ◆ Language lab (we need the Language Lab )<br>◆ IFFV (Inernational Film Festival of Vazhakulam )<br>Movie club – Film to learn.<br>◆ Story telling pods (In my Imagination): Learners are divided into groups. Later, the | Longterm (Daily )<br><br>Short term (Once in a month)<br><br>Short term | Teachers<br><br>Teachers<br><br>Teachers & English club | P T A |

| | | | | |
|---|---|---|---|---|
| | members add their imagination to complete the story.<br>◆ Listen and Draw : Teacher reads a story and the students listen and draw the different scenes.<br>◆ Words for the day: Presenting the word with correct pronunciation, meaning and spelling in assembly.<br>◆ Assembly in English. In assembly we can include riddles, quiz, and speech.<br>◆ V Music (Peom & Songs )<br>A chance to listen the songs in English at the break time. | Short term<br>Short term – Daily<br>Long term- Daily<br>Long term- Daily | members<br>Teachers<br>Teachers & English club members | |
| Our requirements<br>To develop the speaking skill | Language Lab, collection of poems / songs<br>• Role play competition<br>• Picture Narration<br>• Running commentary<br>• Interview with a Personality.<br>• Skit<br>• Make the children perform in school assembly as part of the Day celebration. | Long term process | Teachers & Club Members | |
| To improve the reading skill | ➢ Reading corner with reading stand.<br>➢ Insist the children to read the news paper daily and brief the news before the students.<br>➢ Class Library<br>Activities : Set the library in the classroom with lots of magazines like magic pot, Twinkle, The week etc.and ask the students to read. | Long term (Daily)<br>Short term | Teachers BRC Members of the Club | |
| Requirement : Reading Stand | | | | |

| | | | | |
|---|---|---|---|---|
| To develop the writing skill | ◆ Creation of Blog:<br>Insist the children to post their own articles (Dairy, appreciations, summary etc ) to school blog as well as to the bulletin board.<br>◆ Copy writing<br>◆ Picture composition<br>◆ Write and present the review of the book that they have read. | Long term (weekly activity )<br><br>Daily<br><br>Short term | Teachers, Club members | PTA |
| Requirement: Bulletin board<br>Master Plan | BOOM : It is the process of document a film based on the story in text book. The dialogues will be record with the help of audacity in Ubandu Software.<br>Vazhakulam com-Radio Station . | Long term | Teachers & students | P T A |

**പ്രവർത്തന പദ്ധതി രൂപരേഖ - സംസ്കൃതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|
| **1.** **മുഴുവൻ കുട്ടികൾക്കും സർഗാത്മക രചനകൾക്കുള്ള അവസരം നല്കുക. സവിശേഷ സഹായമർഹിക്കുന്ന കുട്ടികൾക്കും തിളങ്ങാനുമുള്ള അവസരം നല്കുക.**<br><br>**2. എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.**<br><br>**3. എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നു.എല്ലാ കുട്ടികളും തെറ്റു കൂടാതെ എഴുതാനും , പറയാനും കഴിയുന്നു എന്നു ഉറപ്പു വരുത്തുക.**<br><br>**4. സാഹിത്യാഭിരുചി** | 1.Language Lab<br><br>**2.സംഭാഷണ ശിബിരം**<br><br>**3.ശില്പ ശാലകൾ**<br><br>**4.നാടകീകരണം**<br><br>**5.സെമിനാർ**<br><br>**6.ഭാഷാ വികാസത്തിനായി വിവിധ മത്സരങ്ങൾ** | Long Time | BRC<br>PTA<br>DIET<br>SSK | CSR Fund<br>PTA Fund |

| | | | | |
|---|---|---|---|---|
| വളർത്താനുള്ള പ്രവർത്തനങ്ങൾ കണ്ടെത്തുക.<br><br>5. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാഭ്യാസ സാധ്യതകളെപ്രയോജനപ്പെടുത്തുക.ICT<br><br>6.ഭാഷാവികാസവും പ്രാധാന്യവും കുട്ടികളിലേക്ക് എത്തിക്കുവാൻ .<br><br>7.സാംസ്കാരികവും,പ്രദേശികവ ുമായ ചരിത്രകേന്ദ്രം, സ്മാരകം ആക്കി മാറ്റുക. | | | | |

## പ്രവർത്തന പദ്ധതി രൂപരേഖ - അറബിക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|
| 1. ക്ലാസ് റൂമിൽ അറബി ഭാഷ അന്തരീക്ഷം സൃഷ്ടിക്കുക<br>2. അറബി വാർത്താ ചാനലുകൾ കൾ സിനിമകൾ എന്നിവ കുട്ടികൾക്ക് അ കാണാനുള്ള അവസരം ഒരുക്കുക<br>3. അറബി ഭാഷയിൽ പ്രാവീണ്യം നേടിയ വരുമായി ആയി അഭിമുഖം നടത്താൻ അവസരമൊരുക്കുക. | ◆ Language Lab<br>◆ Arabic Club<br>◆ Translations<br>◆ Library<br>◆ ഭാഷാ ശില്പശാലകൾ<br>◆ | ദീർഘം | അധ്യാപകർ<br>PTA | |

| | | | | |
|---|---|---|---|---|
| 4. ക്ലാസ് റൂമിൽ അറബി ഭാഷ അന്തരീക്ഷം സൃഷ്ടിക്കും അറബി വാർത്താ ചാനലുകൾ കൾ സിനിമകൾ എന്നിവ കുട്ടികൾക്ക് അ കാണാനുള്ള അവസരം ഒരുക്കും അറബി ഭാഷയിൽ പ്രാവീണ്യം നേടിയ വരുമായി ആയി അഭിമുഖം നടത്താൻ അവസരം ഉണ്ടാകും ലക്ഷ്യം ഏതൊരു ഭാഷയും പഠിക്കുന്നതിൻ റെ പ്രാഥമിക ലക്ഷ്യം അത് ആശയവിനിമ യം ചെയ്യാൻ കഴിവുള്ളത് ആയിരിക്കണം എന്നതാണ്, ആശയവിനിമയ ത്തിന് പര്യാപ്തമായ അന്തരീക്ഷം ക്ലാസ്സിൽ സൃഷ്ടിക്കുക<br>5. പഠിക്കുന്ന ഭാഷയിൽ തന്റെ ഭാവനകളും അഭിരുചികളും പ്രകടിപ്പിക്കാനു ള്ള ഉള്ള കഴിവ് കുട്ടികളിൽ വളർത്തിയെടു ക്കുക | | | | |

| | | | | |
|---|---|---|---|---|
| 6. പഠിച്ചുകൊണ്ടിരിക്കുന്ന ഭാഷയിൽ നിന്നും മാതൃഭാഷയിലേക്ക് തർജ്ജുമ ചെയ്യാനുള്ള ഉള്ള കഴിവുകൾ ആർജ്ജിക്കുക | | | | |

## പ്രവർത്തന പദ്ധതി രൂപരേഖ - ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഉത്തരവാദിത്വം | സാമ്പത്തികം |
|---|---|---|---|---|
| **1. श्रवण कौशल बढाना**<br><br>**2. वाचन कौशल बढाना** | ഐസിടിയുടെ സഹായത്തോടെ ഓരോ പാഠഭാഗങ്ങളും കേൾക്കുന്നതിനുള്ള അവസരമൊരുക്കുക .<br>ക്ലാസുകളിൽ ഹിന്ദി പത്രവാർത്ത കേൾക്കുവാനുള്ള അവസരമൊരുക്കുക. ചെറിയ ചെറിയ കഥകളും കവിതകളും കേൾക്കാനുള്ള അവസരം നൽകുക.<br><br>വായനാ കാർഡുകളുടെ സഹായത്തോടെ വായന പരിപോഷിപ്പിക്കുക .<br>ക്ലാസ്സുകളിൽ ഹിന്ദിയുടെ അന്തരീക്ഷം വളർത്തുക.ഹിന്ദി പത്രവായനക്ക് അവസരം കൊടുക്കുക<br>കഥകൾ, പ്രസംഗം എന്നിവ അവതരിപ്പിക്കാനുള്ള അവസരം നൽകുക<br>റോൾ പ്ലേക്ക് അവസരം നൽകുക<br>ചിത്രത്തിന്റെ സഹായത്തോടെ ആശയം പ്രകടമാക്കാനുള്ള അവസരങ്ങൾ<br>കഥ, കവിത, ലേഖനങ്ങൾ, സംഭാഷണങ്ങൾ ഇവ | ഒരു വർഷം<br><br>ഒരു വർഷം | അധ്യാപിക<br><br>അധ്യാപിക | ഇല്ല<br><br>അധ്യാപിക<br>,<br>രക്ഷിതാക്കൾകുട്ടികൾ |

| | | | | |
|---|---|---|---|---|
| **3. ലേഖന ശേഷി വർദ്ധിപ്പിക്കുക**<br><br>**4. ഭാഷണ കൗശല ബഢാനാ**<br><br>**ക്ലബ്ബ് പ്രവർത്തനങ്ങൾ** | അവതരിപ്പിക്കുന്നതിനുള്ള അവസരം നൽകുക<br>ഹിന്ദി അസംബ്ലിക്ക് അവസരമൊരുക്കുക<br>പ്രത്യേക ദിവസങ്ങളിൽ അതിനോടനുബന്ധിച്ച് ആശയങ്ങൾ പ്രകടമാക്കുന്ന അതിനുള്ള അവസരമൊരുക്കുക<br>ഹിന്ദിയിൽ പ്രത്യേകം മത്സരങ്ങൾ നടത്തുക<br>കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച് ആശയങ്ങൾ അവതരിപ്പിക്കുവാനുള്ള അവസരം നൽകുക ദിനാചരണങ്ങളുടെ അനുബന്ധിച്ച് പ്രത്യേകതരം മത്സരങ്ങൾ  നടത്തുക<br>അന്ത്യാക്ഷരി കളിക്കുക (ക്ലാസ്സ് 5) യുപി ക്ലാസുകളിൽ നാടകാവതരണത്തിന് അവസരമൊരുക്കുക<br>പഠന പിന്തുണ അർഹിക്കുന്ന ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അവരുടെ താത്പര്യം മനസിലാക്കി പഠനത്തിലേക്ക് കൊണ്ടുവരാൻ ഉതകുന്ന പ്രവർത്തനങ്ങൾ നല്കുക(അഭിനയം ,കലഇവയ്ക്ക് പ്രാധാന്യം നല്കി ക്ലാസ്സിൽഎല്ലാവർക്കുമൊപ്പം ഞാൻ എന്നഎന്ന തോന്നലിലേക്ക് കുട്ടിയെ വളർത്തുക)<br><br>ചെറിയ ക്ലാസുകളിൽ ഐസിടി സഹായത്തോടെ അക്ഷര പരിചയം (എഴുത്ത് ) പ്രോത്സാഹിപ്പിക്കുക.<br>ഫ്ലാഷ് കാർഡുകളുടെ സഹായത്തോടെയും അക്ഷരങ്ങളും | | | |

| | | | | |
|---|---|---|---|---|
| | ചിഹ്നങ്ങളും തിരിച്ചറിയുക .<br>ശബ്ദ വേൽ- അക്ഷരങ്ങളെ<br>തിരിച്ചും-മറിച്ചും വെച്ച്<br>അവയിൽനിന്ന് ശബ്ദങ്ങളും<br>വാക്യങ്ങളും എഴുതുന്നതിനുള്ള<br>അവസരം.  പദസൂര്യനിലൂടെ<br>വാക്യരചന ശബ്ദ രചന. ചിത്രകഥ<br>അല്ലെങ്കിൽ അപൂർണ്ണ കഥകളിലൂടെ<br>കഥയുടെ പൂർത്തീകരണം .<br>കഥകളുടെ ഇടയിൽ ചിത്രങ്ങൾ<br>നൽകി കഥാ<br>പൂർത്തീകരണത്തിനുള്ള അവസരം .<br>ഡിക്ഷ്ണറി നിർമ്മാണം ,കഥയും<br>,കവിതയും ഉപന്യാസങ്ങളും<br>നിബന്ധങ്ങളും എഴുതുന്നതിനുള്ള<br>മത്സരങ്ങൾ നടത്തുക. ഡയറി<br>,പത്രവാർത്ത ,പോസ്റ്റർ ,നോട്ടീസ്<br>എന്നിവ തയ്യാറാക്കാനുള്ള<br>അവസരം നൽകുക<br><br>ഐസിടി സഹായത്തോടെ<br>ചെറിയ ക്ലാസുകളിൽ<br>സംസാരശേഷിക്ക്  പ്രോത്സാഹനം<br>നൽകുക .<br>ചെറിയ ക്ലാസുകളിൽ<br>കവിതാലാപനം ,കഥാ വായന<br>എന്നിവയ്ക്ക് അവസരം നൽകുക<br>പത്രവായന, സെമിനാറുകൾ<br>നടത്താനുള്ള ഉത്തരവാദിത്വം<br>കുട്ടികള്ക്ക് നൽകുന്നതിലൂടെ<br>അവതരണ ശേഷി വർദ്ധിപ്പിക്കുക .<br>കർഷകനുമായുള്ള കൂടിക്കാഴ്ചകൾക്ക്<br>അവസരം നൽകുക .<br>സമൂഹത്തിലെ പ്രമുഖ<br>വ്യക്തികളുമായി കൂടിക്കാഴ്ച നടത്തുക<br><br>हिंदी साहित्य मंच-(ഹിന്ദി ക്ലബ്ബ്)<br>പ്രധാന പ്രവർത്തനങ്ങൾ | | | |

| | | | | |
|---|---|---|---|---|
| | 1.**വൃദ്ധ സദന സന്ദർശനം**-9-ാം തരത്തിലെ കുട്ടികൾക്ക്ഒന്നാമത്തെ പാഠഭാഗവുമായി ബന്ധപ്പെട്ട് -ജൂൺ മാസം-ലക്ഷ്യം-പ്രായമായവരെ വൃദ്ധസദനത്തിൽ ഉപേക്ഷിക്കുന്നതിന്റെ നേർകാഴ്ചകൾ അനുഭവങ്ങൾ പങ്കുവെക്കൽ<br>2.**വായനാദിനം**-ജൂൺ -19<br>ക്ലാസ്സ് തല വായനാ മത്സരം,സ്കൂൾ തല വായനാമത്സരം സംഘടിപ്പിക്കുക<br>**ആസ്വാദന കുറിപ്പ് തയ്യാറാക്കുക.**<br>(प्रेंमचंद जैसे लेखकों के उपन्यासों का अंश प्रदर्शन करके वाचन का अवसर देना)<br>**3.**महान साहित्यकारों के जयंती अनुसरण -ഓരോ മാസവും(ഒന്നോ രണ്ടോ)<br>മഹാൻമാരുടെ ജീവചരിത്രങ്ങൾ അറിയുക ലൈബ്രറിയുടെ സഹായത്തോടെ.......<br>**4.കിസാൻ സഭ**-കാർഷിക വൃത്തി അന്യം നിന്നുപോകുന്ന വർത്തമാന കാലത്തിൽ കുട്ടികളെ കൃഷിയിലേക്ക് താത്പര്യം ജനിപ്പിക്കുക .വീട്ടുമുറ്റങ്ങളെ കൃഷിത്തോട്ട മാക്കാനുള്ള പ്രേരണ വളർത്തുക.സ്കൂൾ അങ്കണം കുട്ടികളുടെ കൃഷിത്തോട്ടമാക്കുക.<br><br>**5.ഹിന്ദി ദിനാഘോഷം-സെപ്റ്റബർ 14-**<br>**കുട്ടികളുടെ സർഗാത്മക ശേഷികളുടെ മത്സരം( ഭാഷാ ശേഷി തിരിച്ചറിവും -പ്രകടമാക്കലും- )കുട്ടികളുടെഹിന്ദി കലോത്സവം**<br>**6.ഹിന്ദി അസ്സംബ്ലി -(ആഴ്ചയില് ഒന്ന്)** | | | |

| | | | | |
|---|---|---|---|---|
| | ക്ലാസ്സ് തല ഹിന്ദി അസ്സംബ്ലീ -പ്രാർ തഥന,ഹിന്ദി വാർ ത്തവായന,സന്ദേശം .................... ................................<br>**7.സെമിനാറുകൾ**-പാഠഭാഗങ്ങളിലെ സെമിനാർ വിഷയങ്ങളിൽ- മഹത് വ്യക്തിത്ത്വങ്ങളുടെ സാന്നിധ്യത്തിൽ സെമിനാറുകൾ സംഘടിപ്പിക്കുക.<br>**8.റോൾ പ്ലേ-** ആനുകാലിക വിഷയങ്ങളിൽ ഹിന്ദി ഭാഷയിൽ അഭിനയത്തിന് പ്രാധാന്യം നല്കി അവതരണം.<br>**9 മഹത് വചന പ്രദർശനം-**കുട്ടികൾക്ക് ഹിന്ദിഭാഷാ നൈപുണി വളർത്തുക.<br>**10.വായനാ പരിപോഷണത്തിന്-**<br>കഥ,കവിത, നോവല് ഭാഗങ്ങൾ ക്ലാസ്സ് മുറികളില് സജ്ജമാക്കുക<br>**11.എഴുത്ത് കാരുടെ ജീവചരിത്ര പ്രദർശനം**<br>മറ്റു വിദ്യാലയങ്ങളിലെ ഹിന്ദി അധ്യാപകരുമായി സംവദിക്കാനുള്ള അവസരം<br>12.പ്രശ്നോത്തരി സഭ-ആനുകാലിക വിഷയങ്ങളിൽ ആഴ്ചയില് പത്ത് ചോദ്യങ്ങൾ വീതം നൽകി മാസത്തിലെ അവസാന വെള്ളിയാഴ്ച മത്സരം നടത്തുക.<br>13.ബുള്ളറ്റിൻ ബോർഡ്-ഹിന്ദി ഭാഷയിൽ കുട്ടികളുടെ തനത് രചനകൾ പ്രദർശനം | | | |

## പ്രവർത്തന പദ്ധതി രൂപരേഖ - സാമൂഹികശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ UP & HS | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1.അർഥപൂർണമായ ഭൂപടവായന ക്രമീകരിക്കുന്നു.<br>2.പൊതുവിജ്ഞാനത്തിന് ഊന്നൽ നല്കുന്നു,<br>3.പ്രാചീന- മധ്യ- ആധുനിക ഇന്ത്യയുടെ പ്രധാന സംഭവങ്ങളെ തരംതിരിക്കുന്നു.<br>4.പ്രാദേശിക ചരിത്രാവബോധം വളർത്തുക.<br>5.പഠനയാത്രകൾ സംഘടിപ്പിച്ച് ചരിത്രപഠനം കാര്യക്ഷമമാക്കുന്നു.<br>6.ക്ലബ്പ്രവർത്തനങ്ങളിലൂടെ സാമൂഹിക അവബോധം വളർത്തുന്നു. | ഹ്രസ്വം UP<br><br>കേരളം, ഇന്ത്യ, ലോകഭൂപടം പരിചയപ്പെടുന്നു. I C T യിൽ കേരളം ജില്ലകൾ ഗെയിം കളിക്കുന്നു.റോൾപ്ലേ, ദിവസത്തിൽ 2 ചോദ്യങ്ങൾ ന്യൂസ് പേപ്പർ വഴി കണ്ടെത്തുന്നു. മധ്യകാലഇന്ത്യ പരിചയപ്പെടുത്തുന്നു.വിജ്ഞാനം, കല, സാഹിത്യം, നഗരം) ചാർട്ട്, കളക്ഷൻ, I C T സാധ്യത ഉപയോഗിച്ച് വിവരണം.പ്രദേശത്തെചരിത്രസ്മാരക സന്ദർശനം,ചരിത്ര വസ്തുക്കളുടെ പ്രദർശനം.<br><br>H S<br><br>ഗ്ലോബ് പരിചയപ്പെടൽ, അക്ഷാംശ രേഖാംശരേഖകൾ,ആഴ്ചയിൽ 10 ചോദ്യങ്ങളും ഉത്തരങ്ങളും നൽകുന്നു. കുട്ടികൾ 10 ചോദ്യങ്ങൾ ശേഖരിക്കുന്നു, ലഘുലേ ഖകൾ നൽകുന്നു.ബോധവത്ക്കരണ ക്ലാസ്സ്, power point presentation (social teacher) ആനുകാലിക വിഷയങ്ങൾ (ഉപന്യാസം, നിമിഷപ്രസംഗം).<br>മധ്യമം UP<br><br>കേരളത്തിന്റെ ജില്ലകൾ കുട്ടികൾ കണ്ടെത്തുന്നു,ഇന്ത്യയുടെ സംസ്ഥാനങ്ങൾ കണ്ടെത്തുന്നു,ലോകം-വൻകരകൾ കണ്ടെത്തുന്നു, My social collections (coins,,stamps, soil, paper cuttings).മധ്യകാലലോകത്തിലെ നഗരങ്ങൾ ഏവയെന്നും വിവിധ മേഖലകളിലുള്ള വളർച്ച | ഹ്രസ്വം | | |

| | | | | |
|---|---|---|---|---|
| | എങ്ങനെയെന്ന് കണ്ടെത്തി വിവരിക്കുന്നു<br>വിവരണംതയ്യാറാക്കൽ, ചിത്രപതിപ്പ്,കുറിപ്പ്<br>തയ്യാറാക്കുക,പതിപ്പ്, കാർട്ടൂൺ, flow chart.<br>H S<br>അക്ഷാംശരേഖാംശരേഖകൾക്കനുസരിച്ചു | | | |
| | ദീർഘം UP<br>ഭൂപടനിർമാണം,ആൽബപ്രദർശനം,താരതമ്യം<br>H S<br>ഭൂപടനിർമാണം (മണ്ണ്, മണൽ, കക്ക, വളപ്പൊട്ട്<br>etc.. )ഗ്ലോബ് നിർമാണം<br>പൊതുവിജ്ഞാനകോശം തയ്യാറാക്കുന്നു,പതിപ്പ്<br>(പ്രാചീന, മധ്യ,ആധുനികഇന്ത്യ) റിപ്പോർട്ട്,<br>ചരിത്രരേഖകൾ ശേഖരണം, ഡയഗ്രം<br>തയ്യാറാക്കൽ സെമിനാർ , മാഗസിൻ, വളരുന്ന<br>സാമൂഹ്യശാസ്ത്രപുസ്തകം, എന്റെ സോഷ്യൽ<br>കളക്ഷൻ.<br>II അധ്യാപകർ- ഗവേഷകർ<br>ലക്ഷ്യങ്ങൾ<br>വിഷയത്തെയും പഠന-ബോധന തന്ത്രങ്ങളെയും<br>കുറിച്ച് അധ്യാപകരുടെ ധാരണ<br>കാലാനുസൃതമാക്കുക<br>അധ്യാപകർ സ്വയം മുൻകൈയെടുത്തുകൊണ്ട്<br>[ആവശ്യമുള്ള സന്ദർഭങ്ങളിൽ<br>സഹാധ്യാപകരുടെ പിന്തുണ, ആവശ്യമായ<br>വിഭവസ്രോതസ്സുകൾ എന്നിവ<br>ഉപയോഗപ്പെടുത്തി] അവരുടെ<br>വിഷയപരിജ്ഞാനവും നൈപുണികളും<br>മെച്ചപ്പെടുത്തുക.<br>കുട്ടികളുടെ പഠനരീതി പഠന വേഗത<br>എന്നിവയിലെ വ്യത്യാസം പരിഗണിച്ച് പഠന | | | |

| | | | | |
|---|---|---|---|---|
| | ബോധന തന്ത്രങ്ങളിൽ വരുത്തേണ്ട മാറ്റങ്ങളെ കുറിച്ച് ഗവഷണങ്ങളും ട്രൈ ഔട്ടുകളും നടത്തുക പ്രവർത്തനങ്ങൾ<br><br>II(1) അധ്യാപകരുടെവായനാകുറിപ്പ് പ്രസിദ്ധീകരണം<br>അധ്യാപകർ അവരവരുടെ വിഷയങ്ങളുമായും പഠന ബോധാനവുമായും ബന്ധപ്പെട്ട പുസ്തകങ്ങൾ വായിച്ച് വായനകുറിപ്പുകൾ തയ്യാറാക്കുന്നു, ഇവ ഉൾപ്പെടുത്തി പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നു<br>II(2) മാസത്തിൽ ഒരു ശനിയാഴ്ച സബ്ജെക്റ്റ് കൗൺസിൽ<br>എല്ലാ ഒന്നാം ശനിയാഴ്ചയും സബ്ജെക്റ്റ് കൗൺ സിലിൽ അതാത് കണ് വീനരുടെ നേതൃത്വത്തിൽ ചേരുന്നു. ഓരോ കൌൺ സിസിലേക്കുമുള്ള മുള്ള അജണ്ട മൻ കൂട്ടി തീരുമാനിക്കും<br>II(3)ആക്ഷൻ റിസർച്<br>ഹൈടെക് ക്ലാസിലെ ബോധനം എന്ന വിഷയത്തിൽ ഓരോ വിഷയാധ്യാപകർ ആക്ഷൻ റിസര്ച്ച് നടത്തുന്നു<br><br>III ജനാധിപത്യ വല്കരണം<br>ലക്ഷ്യങ്ങൾ<br>പഠിതാവും അധ്യാപകരും ചേര്ന്ന് ജനാധിപത്യ രീതിയിൽ ക്ലാസ് മാനേജ്മെൻറ് നിയമങ്ങൾ രൂപീകരിക്കുക<br>കുട്ടികളിൽ സ്വയംനിയന്ത്രിത അച്ചടക്കം പാലിക്കുന്നതിനുള്ള തന്ത്രങ്ങൾ നടപ്പിലാക്കുക<br>പരസ്പരവിനിമയത്തിന് അനുകൂലവും അനുയോജ്യവുമായ പഠനാന്തരീക്ഷം ക്ലാസിൽ ഒരുക്കുക.<br>ക്ലാസുമുറി ആകർഷകവും ശുചിത്വപൂർണ്ണവുമായി സൂക്ഷിക്കുന്നതിനുള്ള ചുമതല കുട്ടികൾ സ്വയംഏറ്റെടുക്കുക<br>ജനാധിപത്യ ഭരണ സംവിധാനങ്ങളുടെ പ്രവര്ത്തിനം കുട്ടികൾ | | | |

| | | | | |
|---|---|---|---|---|
| | അനുഭവിച്ചറിയുന്നതിനുള്ള സന്ദര്ഭങ്ങൾ സൃഷ്ടിക്കുക<br>മതേതര ജനാധിപത്യ ബോധം വികസിക്കുന്ന പ്രവർത്തനങ്ങൾ<br><br>III(1)ക്ലാസ് ഭരണഘടന നിർമ്മാണം<br>കുട്ടികളുടെ പൂർണ്ണ പങ്കാളിത്തത്തോടെ ക്ലസ്സ്തല ഭരണഘടന നിർമ്മി ക്കുന്നു. പൊതു അംഗീകരത്തോടെ നിയമാവലി പ്രസിദ്ധീകരിക്കുന്നു. ഭരണനിർവഹണത്തിനുള്ള വിവിധവകുപ്പുകൾ, നീതിന്യായം, തുടങ്ങിയവയ്ക്ക് ഗ്രൂപ്പ് ചുമതലകൾ തീരുമാനിക്കുന്നു. ചുമതലകൾ കൈമാറി കൊണ്ട് ആഴ്ച്ചയിൽ ഒരു മണിക്കൂർ നീതി നിർവചഹണ ചർച്ചക്കായി മാറ്റി വക്കുന്നു. ടൈം ടേബിളിൽ വേണ്ട ക്രമീകരണം വരുത്തുന്നു<br>1. III(2) സ്കൂൾ ഭരണകൂടം<br>ഇന്ത്യൻ ഭരണകൂട സംവിധാനത്തിന്റെ [പാർ ലമെൻറ, നിയമസഭ] മാതൃകയിൽ കുട്ടികളുടെതായ സ്കൂൾ ഭരണകൂടം രൂപീകരിക്കുന്നു. പൊതുജനാരോഗ്യം , ശുദ്ധജലവിതരണം, അഭ്യന്തരം, വാർ ത്താവിനിമയം, കായികം, കലാസംസ്കാരം, വനിതാക്ഷേമം, തൊഴിൽ, കൃഷി, ശുചീകരണം, നീതിന്യായം, ടൂറിസം, വൈദ്യുതി വിതരണം, ഗതാഗതം, മാനവവിഭവം തുടങ്ങിയ വകുപ്പുകൾ ഉൾപ്പെടുത്തി കുട്ടികളുടെ മന്ത്രിസഭ സഭയും എക്സികുടീവും ജുഡീഷ്യറിയുംഎല്ലാവർഷവും ജൂലൈയിൽ തന്നെ എസ് എം സി യുടെ പിന്തുണയോടെ SRG കൺ വീനറുടെ നേതൃത്വത്തിൽ രൂപീകരിച്ച് പ്രവര്ത്തിപ്പിക്കുന്നു. മന്ത്രിസഭായോഗം എല്ലാ ബുധനാഴ്ചയും നാല് മണിക്ക് യോഗം ചേരും<br><br>IV ലിംഗ സമത്വം | | | |

| | | | | |
|---|---|---|---|---|
| | ലക്ഷ്യങ്ങൾ<br><br>സ്ത്രീ പുരുഷ പദവിയും തുല്യതയും സംബന്ധിച്ച് ഉയര്ന്ന് ധാരണയുടെ അടിസ്ഥാനത്തിൽ നിലപാട് സ്വീകരിക്കുന്നതിനും പെരുമാറുന്നതിനുമുള്ള മനോഭാവം ഈ വിദ്യാലയത്തിലെ എല്ലാകുട്ടികളിലും അധ്യാപകരിലും വികസിപ്പിക്കുക.<br>വിദ്യാലയത്തിലെ എല്ലാവിധ അനുഭവങ്ങളും ആൺ പെൺ വിവേചനമില്ലാത്തതും അവസരതുല്യത ഉറപ്പാക്കുന്നതുമാക്കുക<br>പെണ്സൗനഹൃദ സമീപനം എല്ലാ പ്രവര്ത്ത നങ്ങളിലും പ്രതിഫലിപ്പിക്കുക<br>ജന്ഡസര്യദരേഖയുടെ അടിസ്ഥാനത്തിൽ വിദ്യാലയപ്രവര്ത്ത്നങ്ങൾ വിലയിരുത്തി പെണ്സൗഹൃദ വിദ്യാലയ സങ്കല്പം യാഥാര്ഥ്യംമാക്കുക<br>എല്ലാ പെണ്കുരട്ടികള്ക്കും ആത്മവിശ്വാസവും പ്രതികരണശേഷിയും അറിവിന്റെ കരുത്തും വിമര്ശ്ലാവബോധവും വിശകലനശേഷിയും ഉറപ്പാക്കുക<br><br>പ്രവർത്ത നങ്ങൾ<br><br>IV(1)ജണ്ടർ നയരേഖ രൂപീകരണശില്പശാല<br>സ്ത്രീ പുരുഷ പദവിയും തുല്യതയും സംബന്ധിച്ച് ഉയർന്ന ധാരണയുടെ അടിസ്ഥാനത്തിൽ നിലപാട് സ്വീകരിക്കുന്നതിനും പെരുമാറുന്നതിനുമുള്ള മനോഭാവം ഈ വിദ്യാലയത്തിലെ എല്ലാ കുട്ടികളിലും അധ്യാപകരിലും വികസിപ്പിക്കുന്നതിനുള്ള നയരേഖ രൂപീകരിക്കുന്നതിനായി വിദഗ്ധരുടെ സഹായത്തോടെ ഏപ്രിൽ മാസം ശില്പശാല സംഘടിപ്പിക്കും നയരേഖ എല്ലാവർക്കും കാണാൻ കഴിയും വിധം പ്രസിദ്ധീകരിക്കും അതിന് മലയാളം ഡിപ്പാർട്ട്മെന്റ് നേതൃത്വംനല്കും<br>IV(2). ഗേള്സ് ക്ലബ് രൂപീകരണം | | | |

| | | | | |
|---|---|---|---|---|
| | എല്ലാ പെണ്കുട്ടികൾക്കും ആത്മവിശ്വാസവും പ്രതികരണശേഷിയും അറിവിന്റെ കരുത്തും വിമർശനാവബോധവും വിശകലനശേഷിയും ഉറപ്പാക്കാൻ ഉതകുന്ന വിധത്തിൽ ഗേൾസ് ക്ലബ് ജൂലൈയിൽ തന്നെരൂപീകരിക്കും, ഓരോ വർഷവും ക്ലബ്ബിൽ ആവശ്യമായ മാറ്റം വരുത്തി ക്രമീകരിക്കും.<br>IV(3) ലിംഗ സമത്വ സമിതി<br>വിദ്യാലയത്തിലെ എല്ലാവിധ അനുഭവങ്ങളും ആൺ പെൺ വിവേചനമില്ലാത്തതാക്കുന്നതിനും അവസരതുല്യത ഉറപ്പാക്കുന്നതിനും എല്ലാവിഭാഗം വിദ്യാർഥികളുടെയും അധ്യാപകരുടെയും രക്ഷാ കർത്താക്കളുടെയും പ്രതിനിധികളെ ഉൾ പ്പെടുത്തി ഒരു ഒൻപതംഗ എത്തിക്സ് കമ്മിറ്റി രൂപീകരിക്കുന്നു. വിദ്യാലയത്തിലെ ലിംഗവിവേചന പരമായ പ്രവർത്തനങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനാവശ്യമായ മാർ ഗ നിർദ്ദേശം നല്കുന്നു . വിദ്യാർത്ഥി സൗഹൃദവിദ്യാലയമായി പ്രഖ്യാപിക്കും. | | | |

# സാമൂഹ്യശാസ്ത്രം

**പ്രവർത്തനം : 1**
**പേര് : അതിഥിയെ അറിയൽ**
**ഉപമേഖല : സാമൂഹ്യ അവബോധം വളർത്തൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചർച്ചകൾ സംവാദങ്ങൾ അഭിമുഖങ്ങൾ ഇവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന് | പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖത്തിന് അവസരമൊരുക്കൽ. ചർച്ചകൾ, സംവാദങ്ങൾ , ക്ലാസ് തലത്തിൽ സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | SS.C. SS.T. Subject Council | 5,000 |

**പ്രവർത്തനം : 2**
**പേര് : പ്രാദേശിക ചരിത്രരചന**
**ഉപമേഖല : നാട്ടറിവ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ നാടിന്റെ ചരിത്രം മനസിലാക്കുന്നതിന് സാംസ്കാരികമായ അതിന്റെ തനിമ നിലനിർത്തുന്നതിന് | നാടിന്റെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തുകയും ശിൽപശാലകൾ നടത്തുകയും ചെയ്യുക. | ഡിസംബർ | SS.C | 2,000 |

**പ്രവർത്തനം : 3**
**പേര് : ഫീൽഡ് ട്രിപ്പ്**
**ഉപമേഖല : സാമൂഹ്യ സ്ഥാപനങ്ങൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് സഹായകമാകുന്ന സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് | പോലീസ് സ്റ്റേഷൻ, പോസ്റ്റോഫീസ്, പഞ്ചായത്ത്, വില്ലേജ്, ആശുപത്രി മുതലായവയിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ. | ഓരോ മാസത്തിലും | SS.C. SS.T. | 2,000 |

**പ്രവർത്തനം : 4**
**പേര് : ബോധവത്കരണ പരിപാടികൾ**
**ഉപമേഖല : പ്രകടനവേദികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹത്തിന്റെ മുന്നോട്ട് പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് | മഴക്കാല രോഗങ്ങൾ, പകർച്ചവ്യാധികൾ, ജലസംരക്ഷണ വിഷയങ്ങളിൽ ബോധവത്കരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ | ജൂൺ | SS.C.<br>SS.T.<br>Subject Council | 2,000 |

**പ്രവർത്തനം : 5**
**പേര് : സർവ്വെ**
**ഉപമേഖല : സാമൂഹ്യ പശ്ചാത്തല അറിവ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക. | വിദ്യാലയത്തിലെ കുട്ടികളുടെ സാമൂഹ്യ ചുറ്റുപാടുകൾ മനസിലാക്കുന്നതിന് സർവ്വെ നടത്തുക | ജൂലൈ | SS.C<br>PTA | 2,000 |

**പ്രവർത്തനം : 6**
**പേര് : പതിപ്പുകൾ**
**ഉപമേഖല : പ്രകടനവേദികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ദിനാചരണങ്ങൾ പഠന പ്രവർത്തനങ്ങളുടെ ഭാഗമായി ഒരുക്കുക. | ദിനാചരണങ്ങൾ പഠന പ്രവർത്തനങ്ങളുടെ ഭാഗമായി ഒരുക്കുന്നു (ഓരോ ക്ലാസിലും) | ഓരോ മാസത്തിലും | SS.C<br>[illegible] | 2,000 |

പ്രവർത്തനം : 7
പേര് : സ്കൂൾ പാർലമെന്റ്
ഉപമേഖല : ജനാധിപത്യവേദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജനാധിപത്യവേദികളൊരുക്കുക. | ജനാധിപത്യ രീതിയിൽ തെരഞ്ഞെടുപ്പ് നടത്തുന്നു. ഭാരവാഹികളുടെ നേതൃത്വത്തിൽ സ്കൂൾ പാർലമെന്റ് ചേരുന്നു. | ഓരോ ടേമിലും | SS.C.<br>SS.T.<br>Subject Council | 2,000 |

പ്രവർത്തനം : 8
പേര് : അറ്റ്ലസ് നിർമ്മാണം
ഉപമേഖല : അടിസ്ഥാന ശേഷി വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലേയും കരിക്കുലം വിഭാവനം ചെയ്യുന്ന ശേഷികൾ കൈവരിക്കുക. | ഭൂപട വായനക്ക് സഹായകമായ രീതിയിൽ അറ്റ്ലസ് നിർമ്മിക്കുന്നു. പ്രാദേശിക ഭൂപടം തയ്യാറാക്കുക. | ജനുവരി | SS.C<br>SS.T | 2,000 |

പ്രവർത്തനം : 9
പേര് : മ്യൂസിയം
ഉപമേഖല : ശേഖരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യ അവബോധം സൃഷ്ടിക്കുന്നതിന് | പുരാതന വസ്തുക്കൾ ശേഖരിക്കുന്നതിനും സൂക്ഷിക്കുന്നതിനുമായി മ്യൂസിയം ആരംഭിക്കൽ (ആർട്ട് ഗ്യാലറി മാതൃക) | 2019 | HM.<br>PTA | 2,5000 |

## പ്രവർത്തന പദ്ധതി രൂപരേഖ - ഗണിതം

| ലക്ഷ്യം | പ്രവർത്തനം | സമയം | പിൻ ന്തുണ | സാമ്പ ത്തികം |
|---|---|---|---|---|
| ഗണിതപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ . Maths Clinic | • പ്രീ ടെസ്റ്റ് (മുന്നറിവുകളും പോരായ്മകളും കണ്ടെത്തുന്നു.) | ഒന്നാം ആഴ്ച | | |
| | ◆ വിവിധതരം സംഖ്യകളെ തിരിച്ചറിയുന്ന പ്രവർത്തനം<br>◆ ഗണിതത്തിലെ അടിസ്ഥാന ക്രിയകൾ<br>◆ ഗണിത ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>◆ വിവിധ അളവുകൾ (Units ) തിരിച്ചറിയുന്നതിനുള്ള പ്രവർത്തനം<br>◆ ജ്യാമതീയ രൂപങ്ങൾ (പേരുകൾ,നിർമ്മതി )<br>◆ ഘനരൂപങ്ങൾ (പേരുകൾ , നിർമ്മിതി , പ്രത്യേകതകൾ ) | ജൂൺ മുതൽ ഡിസം ബർ വരെ | | |
| ഗണിത ക്ലബ് രൂപീകരണം | ➢ ഗണിത വാർത്താബോർഡ്<br>➢ Activity corner (ICT)<br>➢ Skit<br>➢ ഗണിത ക്വിസ്<br>➢ ദിനാചരണങ്ങൾ<br>➢ ഗണിതമേള | June to January | | |
| ഗണിതപ്രമുഖരുടെ ക്ലാസ്സുകൾ | ◆ Vedic Mathematics<br>◆ Daily life related topics | November | | |
| Do and Learn | പാഠഭാഗവുമായി ബന്ധപ്പെട്ട് വരുന്ന ആശയങ്ങളുടെ Model/ Chart നിർമ്മാണം. | June to January | | |
| Activity for gifted children | Reasoning, mental maths | June to January | | |
| സവിശേഷ സഹായം അർഹിക്കുന്ന കുട്ടികൾക്കായുള്ള പദ്ധതികൾ | ◆ നിറം കൊടുക്കൽ<br>◆ ചിത്ര രചന<br>◆ കാർഡുകൾ<br>◆ ന്യൂസ് പേപ്പർ വായനയും എഴുത്തും.<br>◆ അക്ഷരങ്ങളിൽ നിന്ന് ചിത്രം വരയ്ക്കാൻ<br>◆ രക്ഷിതാക്കൾക്ക് ബോധവത്കരണ ക്ലാസ്സ്<br>◆ വിവിധ തലങ്ങളിൽ നിന്നുള്ള സഹായം | | | |

## പ്രവർത്തന പദ്ധതി രൂപരേഖ – ശാസ്ത്രം (Physical Science)

| ലക്ഷ്യം | പ്രവർത്തനം | സമയം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|
| 1. ശാസ്ത്രത്തിലുള്ള അറിവ് പരിശോധിച്ച് മെച്ചപ്പെടുത്തൽ<br>2. അടിസ്ഥാനപരമായ ശാസ്ത്രബോധം എല്ലാകുട്ടികളിലും എത്തിക്കുക<br>3. ചെറിയ പരീക്ഷണങ്ങളിൽ കുട്ടികളെയും പങ്കാളികളാക്കുക<br>4. ശാസ്ത്രപഠനം രസകരമാക്കുക.<br>5. ക്ലാസ്സ് മുറിയിൽ ലാബ്,സയൻസ് വാർത്താ വായന | • അളവുകളും തൂക്കങ്ങളും ധാരണ ഉറപ്പിക്കൽ( ഫ്ലാഷ് കാർഡ്,ICT)<br>• ക്ലബ് രൂപീകരണം<br>• ലാബ് ,ലൈബ്രറി, ചർച്ച, റോൾ പ്ലേ,ശാസ്ത്ര മാഗസിൻ, ഫീൽഡ് ട്രിപ്പ്, സംവാദം, നിത്യജീവിതവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ<br>• ചാർട്ടുകൾ, ഓഡിയോ, വീഡിയോ, നോട്ടീസ് ബോർഡ്, മോഡൽസ്..<br>• ശാസ്ത്ര പത്രം,Quiz Corner<br>• Video ,നിർമ്മാണം<br>• ചാന്ദ്രദിന പതിപ്പ്<br>• ശാസ്ത്ര മേള സ്കൂൾ തലം<br>• ദിനാചരണങ്ങൾ ( ഓസോൺ ദിനം, ചാന്ദ്ര ദിനം, സി.വി രാമൻ ദിനം,അന്താരാഷ്ട്ര ശാസ്ത്ര ദിനം,മോൾ ദിനാചരണം, ഐസക് ന്യൂട്ടൻ ദിനം,ഐൻസ്റ്റീൻ ദിനം | ദീർഘം | BRC<br>DIET<br>SSA<br>PTA | CSR<br>FUNDS<br>PTA |

## പ്രവർത്തന പദ്ധതി രൂപരേഖ - ജീവശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|
| 1) ആരോഗ്യഅവബോധം വളർത്തൽ<br>2) ശുചിത്വ ബോധം<br>3) വ്യക്തി ശുചിത്വം പാലിക്കൽ<br>4) മഹാമാരിക്കെതിരേ | ➢ മഹാമാരി - പ്രതിരോധ മാർഗങ്ങൾ(ബോധവത്ക്കരണ ക്ലാസ്സുകൾ,സെമിനാർ )<br>➢ ഫാസ്റ്റ് ഫുഡ് ഫാസ്റ്റ് ഡെത്ത്--വിദഗ്ധ ഡോക്ടറുമാരുടെ ക്ലാസ്സുകൾ<br>➢ ഹെൽത്ത് ക്ലബ്,നേച്ചർ ക്ലബ്,ഹരിത സേന ,ശാസ്ത്ര ക്ലബ് രൂപീകരണം.<br>➢ വിവിധ ബോധവത്ക്കരണ ക്ലാസ്സുകൾ ( മഴക്കാല രോഗങ്ങൾ, കൗമാരകാലം - ആൺകുട്ടികൾക്കും,പെൺകുട്ടികൾക്കും പ്രത്യേകം ക്ലാസ്സുകൾ) | 1 Year | Health Department BRC, PTA,OSA, Health Club | CSR Funds PTA |
| ◆ പരിസ്ഥിതി സംരക്ഷണം,<br>◆ ഗ്രീൻപ്രോട്ടോക്കോൾ നടപ്പിലാക്കൽ | ➔ പരിസ്ഥി ദിനാചരണം<br>➔ ഹരിത വിദ്യാലയം<br>➔ ശലഭോദ്യാനം<br>➔ ജൈവവൈവിധ്യ പാർക്ക് നിർമ്മാണം<br>➔ ജലശ്രോതസ്സ് സംരക്ഷണം<br>➔ ഫീൽഡ് ട്രിപ്പ് ( ഇരിങ്ങോൾ കാവ്)<br>➔ മഴക്കുഴി നിർമ്മാണം<br>➔ ജൈവ കമ്പോസ്റ്റ് നിർമ്മാണം | | | |
| ◆ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ | ➢ ലഹരിക്കെതിരെ ബോധവത്ക്കരണ ക്ലാസ്സുകൾ, സൈക്കിൾ റാലി,പോസ്റ്റർ, ബ്രോഷർ, വീഡിയോ പ്രദർശനം | 1 Year | Health Department BRC, PTA,OSA, Health Club | CSR Funds PTA |
| ◆ ശാസ്ത്രം നിത്യജീവിതത്തിൽ ബന്ധം തിരിച്ചറിയുന്നു.<br>◆ ശാസ്ത്ര അവബോധം വളർത്തി , | ◆ ക്ലാസ്സ് മുറിയിൽ ഒരു ലാബ്<br>◆ ശാസ്ത്ര പുസ്തക കോർണർ<br>◆ ശാസ്ത്ര സാങ്കേതിക സർവ്വകലാശാല സന്ദർശനം<br>◆ സയൻസ് അസംബ്ലി<br>◆ അക്വാ പോണിക്സ് നിർമ്മാണം- വീടുകളിൽ | 1 Year | Health Department BRC, PTA,OSA, Health Club | CSR Funds PTA |

| | | | | |
|---|---|---|---|---|
| അഭിരുചി വർദ്ധിപ്പിക്കുന്നതിന്.<br>◆ രക്തദാനം മഹാദാനം<br>◆ പാരമ്പര്യ ഔഷധ പരിചയം | ◆ സയൻസ് പാർക്ക് നിർമ്മാണം<br>◆ ഔഷധക്കഞ്ഞി വിതരണം<br>◆ രക്തദാന ക്യാമ്പ്<br>◆ ഇ-വേസ്റ്റ് നിർമ്മാർജ്ജനം<br>◆ Re-Use & Recycle<br>◆ Various Workshops | | | |

## പ്രവർത്തന പദ്ധതി രൂപരേഖ - കലാകായികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ശാരീരിക മാനസിക വളർച്ചയുടെ വികാസം.<br>2. കായിക വിദ്യാഭ്യാസത്തിന്റെ അനുഭവങ്ങൾ ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുക.<br>3. കുട്ടിയുടെ ആരോഗ്യ കായിക വികാസഘട്ടങ്ങളെ ശാസ്ത്രീയമായി പോഷിപ്പിക്കുകയും ആരോഗ്യകരമായ ജീവിതശീലങ്ങളും മനോഭാവങ്ങളും വളർത്തുകയും ചെയ്യുക.<br>4. കുട്ടിയുടെ സർവ്വതോന്മുഖമായ വികാസം ഉറപ്പു വരുത്തുക.<br>5. കലയുടെ ആസ്വാദ്യത ഉൾക്കൊണ്ട് സാമൂഹിക ജീവിതത്തിൽ മാനവികമായ കാഴ്ചപ്പാടുകൾ രൂപീകരിക്കുന്നതിന്. | 1.General Exercise, മൈനർ ഗെയിം, (ശാരീരിക മാനസിക വൈകല്യം സംഭവിച്ചവർക്ക്) എല്ലാ ദിവസവും യോഗ ,വിവിധതരം വ്യായാമങ്ങൾ,വിവിധതരം ഗെയിം പരിചയപ്പെടൽ - Kho-Kho, Kabaddi, Handball ,Football,Cricket etc. (സബ് ജില്ല, ജില്ലാ, സ്റ്റേറ്റ്), തായ്ക്കോണ്ടേ, കരാട്ടെ പരിശീലനം (അഴ്ചയിൽ 2 ദിവസം) പരിശീലനശേഷം വിവിധ Belt കളുടെ Test നായി വർഷാവർഷങ്ങളിൽ ഒരുക്കം നടത്തുന്നു.<br>2.കരാട്ടെ, തായ്ക്കോണ്ടെ, തുടർപരിശീലനം,Higher belt ലഭിക്കാൻ പ്രത്യേകപരിശീലനം, പ്രോത്സാഹനം. സ്പോട്സിനോട് താത്പര്യമുള്ളവർക്ക് പ്രത്യേകപരിശീലനം(തുടർച്ചയായി ). ചിത്രം വരയ്ക്കാൻ കൊളാഷുകളുടെ നിർമ്മാണത്തിന്<br>3.തായ്ക്കോണ്ടെ, കരാട്ടെ, കബഡി ക്രിക്കറ്റ്,ഫുട്ബോൾ മത്സരങ്ങൾക്ക് Talent ആയ കുട്ടികൾക്ക് സ്പെഷ്യൽ കോച്ചിംഗ് ( 5 വർഷവും തുടർച്ചയായി) (10 കുട്ടികളെയെങ്കിലും State മെഡലിന് | ഹ്രസ്വം<br>മധ്യമം<br>ദീർഘം | കായിക അധ്യാപകൻ,<br>BRC,DIET<br>SSK<br>PTA<br>SPORTS COUNCIL | CSR Funds<br>PTA Funds |

| | | | | |
|---|---|---|---|---|
| **6.കലയെ ഉൾപ്പെടുത്തി മറ്റു വിഷയപഠനം സുഗമമാക്കാൻ.**<br>• കലയെ മനസിലാക്കൽ<br>• കല അഭ്യസിക്കൽ<br>• കലയിലൂടെ മറ്റു വിഷയങ്ങൾ പഠിക്കൽ,<br>• മറ്റു പഠനമേഖലകളിലൂടെ കലാപരമായി വളരാന വസര മൊരുക്കൽ (ഐ ടി പഠനംവീഡിയോഗ്രാഫിയും സിനിമ നിർ മാണവും ഡിസൈനിംഗും ആൽബ നിർ മാണവും ഫോട്ടോ ഷോപ്പും ഒക്കെയായി വികസിച്ചത് പോലെ) | അർഹരാക്കുക)<br>നാടകാവിഷ്കാരത്തിന് കവിതകളുടേയും മറ്റും ദൃശ്യവിഷ്കാ രത്തിന് ,വിവധ വസ്തുക്കൾ ഉപയോഗിച്ച് റിലീഫ് ചിത്രങ്ങളുടെ നിർമ്മാണത്തിന് വിവിധരൂപങ്ങളുടേയും മോഡലുകളു ടേയും നിർമ്മാണത്തിന് സയൻസ് ക്ലാസുകളിലെ ഉപകരണ ങ്ങളുടെ നിർ മ്മാണത്തിന് ആൽബം തയ്യാറാക്കു ന്നതിന് കവിതയും കഥകളും രചിക്കു ന്നതിന് ,പതിപ്പുകൾ തയ്യാറാക്കുന്നതിന്,പത്രങ്ങൾ തയ്യാറാക്കുന്നതിന്, പ്രദർശനങ്ങൾ ഒരുക്കുന്നതിന്. | | | |

## പ്രവർത്തന പദ്ധതി രൂപരേഖ - ICT

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|
| 1.വിവരവിനിമയ സാങ്കേതിക വിദ്യ പ്രദാനം ചെയ്യുന്ന വിഭവങ്ങളാൽ ശാക്തീകൃത മായ പഠനം വിദ്യാലയത്തിൽ പ്രവർത്തികമാക്കി നൂതന സാങ്കേതിക വിദ്യയുടെ മികവ് ക്ലാസ്സ് മുറികളിൽ പ്രയോജനപ്പെടുത്തുക.<br>2.പഠനവിഭവങ്ങൾ തയ്യാറാ ക്കിയവ സ്കൂളിൽ എല്ലാ വർക്കും പ്രയോജനപ്പെടു ത്താൻ കഴിയത്തക്കവിധം സൂക്ഷിക്കാനായി സങ്കേതം ഒരുക്കുക<br>3.ഇന്റർനെറ്റിലെ വിവിധ സേവനങ്ങൾപരിചയപ്പെടുക, ചതിക്കുഴികൾ കണ്ടെത്തുക, അതോടൊപ്പം വിക്കിസോഫ്റ്റ് വെയർ ഉപയോഗിക്കാൻ പഠിക്കുക<br>4.പഠനബോധനപ്രക്രിയക്ക് ആവശ്യമായ ഡിജിറ്റൽ ഉള്ളടക്കം കണ്ടെത്തുക, തയ്യാറാക്കുക<br>5.വേഡ് പ്രോസസിങ്ങിന്റെ കൂടുതൽ സാധ്യതകൾ പരിചയപ്പെടുത്തുക, പ്രോജക്ട് പോലുള്ള പഠനപ്രവർത്തനങ്ങളുടെ നിർവഹണത്തിന് സ്പ്രെഡ് ഷീറ്റ്, പ്രസന്റേഷൻ തുടങ്ങിയ സോഫ്റ്റ് വെയറുകൾ ഉപയോഗിക്കാൻ പ്രാപ്തരാക്കുക. | 1.എല്ലാ വിഷയങ്ങളും I C T പഠനത്തിലൂടെ - smart class ഡിജിറ്റൽ പഠനം(H S) ഡിജിറ്റൽ പെയിന്റിംഗ്(UP) വെബ് പേജ് രൂപീകരണം , സ്ലൈഡ് പ്രസന്റേഷൻ IT പ്രോജക്ടുകൾ മലയാളം ടൈപ്പിംഗ് (UP, H S) IT ക്വിസ്സ് (UP, H S) , Video നിർ മ്മാണം,Audio റെക്കോർഡിംഗ്.<br>2.പവർ പോയിന്റ് പ്രസന്റേഷൻ( അധ്യാപകർ, വിദ്യാർഥികൾ) സ്കൂൾ വെബ്സൈറ്റ് - കുട്ടികളുടെ സൃഷ്ടികൾ കൂടുതൽ ഉൾപ്പെടുത്തൽ Short film നിർമാണം - പഠനാനുബന്ധമായി(വിദ്യാർഥികൾ അധ്യാപകർ, രക്ഷിതാക്കൾ, ജനപ്രതിനിധികൾ) Teaching Aids – Teachers ഡിജിറ്റൽ ലൈബ്രറി School വാട്സ് ആപ്പ് ഗ്രൂപ്പ് വികസനം ,ഷോർട്ട് ഫിലിം നിർ മ്മാണം. | ഹ്രസ്വം<br>മധ്യമം<br>ദീർഘം | IT @ School<br>Teachers<br>PTA<br>IT വിദഗ്ദ്ധർ | IT Fund<br>CSR Fund |

## പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ

- വിദ്യാലയത്തിന്റെ ദൗത്യപൂർത്തീകരണത്തിനായി സ്വീകരിക്കേണ്ട തന്ത്രങ്ങൾ എന്തെല്ലാമെന്നു വ്യക്തമാക്കും
- അക്കാദമിക പുരോഗതിയിലേക്കുള്ള പാത ചൂണ്ടിക്കാട്ടും
- അക്കാദമിക വിഭവവിനിയോഗം ,സാങ്കേതികവിദ്യയുടെ ഉപയോഗം , വിദ്യാലയ അക്കാദമികാസൂത്രണം, കുട്ടികൾക്ക് ലഭിക്കുന്ന സവിശേഷ അവസരങ്ങൾ തുടങ്ങിയവയെല്ലാം സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനുള്ള മാർഗരേഖയാണ്.
- എന്തെല്ലാമായിരിക്കണം വിദ്യാലയത്തിന്റെ മുൻഗണനകൾ എന്ന് മാസ്റ്റർ പ്ലാൻ പറഞ്ഞുതരും
- വിദ്യാലയത്തിന്റെ സമഗ്രവികസനത്തിനുള്ള അയവുള്ള ചട്ടക്കൂടായി പ്രവർത്തിക്കും.

അതായത് വിദ്യാലയത്തിന്റെ ദർശനം ( കാഴ്ചപ്പാട്) അക്കാദമിക ലക്ഷ്യങ്ങൾ, മുൻഗണനകൾ, വിഭവവിനിയോഗം, പ്രവർത്തന പരിപാടികൾ ഇവെല്ലാം ചേരുന്നതായിരിക്കണം അക്കാദമിക മാസ്റ്റർ പ്ലാൻ (AMP)

## മോണിറ്ററിംഗ് രീതി

ഏതു പരിപാടിയുടെയും ദിശാഗതി നിർണയിക്കൽ പ്രധാനമാണ്. ലക്ഷ്യത്തിലേക്ക് തന്നെയാണോ പ്രവർത്തനങ്ങൾ എന്നത് വിലയിരുത്തലും ദിശാവ്യതിയാനോ കാലതാമസമോ ഉണ്ടായാൽ ക്രമപ്പെടുത്തലും പ്രതീക്ഷിത നിലവാരത്തിൽ ലക്ഷ്യം നേടിയോ എന്ന പരിശോധിക്കലും മോണിറ്ററിംഗിൽ വരും. ആസൂത്രണ സമയത്തും നിർവഹണസമയത്തും പൂർത്തീകരണസമയത്തും മോണിറ്ററിംഗ് നടക്കണം. ആസൂത്രണസമയത്ത് പ്രവർത്തനപദ്ധതിയേയും നിർവഹണവേളയിൽ പ്രക്രിയയേയും പൂർത്തീകരണവേളയിൽ ഉല്പന്നത്തെയുമാണ് മോണിറ്ററിംഗിന് വിധേയമാക്കേണ്ടത്. നിർവഹണച്ചുമതലയുള്ള അധ്യാപിക/ അധ്യാപകൻ, പ്രഥമാധ്യാപിക, എസ് ആർ ജി എന്നിവരുടെ നേതൃത്വത്തിൽ മോണിറ്ററിംഗ് നടത്തണം. ഓരോ മാസവും മോണിറ്ററിംഗ് അനുഭവങ്ങൾ ചർച്ചചെയ്യണം. ആവശ്യമെങ്കിൽ ഫോർമാറ്റ് , ചെക്ക് ലിസ്റ്റ് തുടങ്ങിയവ വികസിപ്പിക്കണം.

**ആഭ്യന്തര മോണിറ്ററിംഗ്**

- പ്രഥമാധ്യാപിക ഓരോ മാസവും
- എസ് ആർ ജിയിൽ ഓരോ ആഴ്ചയും
- ക്ലാസ് പി ടി എയിൽ നിർവഹണപുരോഗതിയും നേട്ടവും
- പി ഇ സിയിൽ വിദ്യാലയത്തിന്റെ അവതരണം

**ബാഹ്യമോണിറ്ററിംഗ്**

- വിദ്യാഭ്യാസ ഓഫീസർമാർ
- ഡയറ്റ് ഫാക്കൽറ്റിയംഗങ്ങൾ

## എസ് ആർ ജിയുടെ റോൾ

**അക്കാദമിക മാസ്റ്റർ പ്ലാൻ നിർവഹണപദ്ധതി തയ്യാറാക്കുന്നതിൽ എസ് ആർ ജിക്ക് വലിയ പങ്കാണുള്ളത്.**

- മാസാദ്യത്തെ എസ് ആർ ജി കൂടി കരട് നിർവഹണപദ്ധതി വിശകലനം ചെയ്ത് അതത് മാസത്തെ നിർവഹണ പ്ലാൻ അന്തിമമാക്കണം
- മുൻമാസത്തെ നിർവഹണാനുഭവം വിലയിരുത്തണം. തിരിച്ചറിവുകൾ, പ്രതീക്ഷിത നേട്ടം കൈവരിക്കുന്നതിന് പ്രവർത്തനങ്ങൾ തുടരേണ്ടതുണ്ടോ? ഭേദഗതി വരുത്തേണ്ടതുണ്ടോ? എന്നാലോചിക്കണം. നേട്ടം തെളിവുകളുടെ അടിസ്ഥാനത്തിൽ വിലയിരുത്തണം.
- എസ് ആർ ജി നിർവഹണപദ്ധതിയുടെ മോണിറ്ററിംഗ് സമിതിയായി പ്രർത്തിക്കണം
- രണ്ടു മാസം കൂടുമ്പോൾ ക്ലാസ് പി ടി എയിൽ നേട്ടം അവതരിപ്പിക്കണം.
- പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ ഓരോ കുട്ടിയും പ്രതീക്ഷിത ശേഷികൾ കൈവരിക്കുന്നുണ്ട് എന്ന് വിദ്യാലയം അക്കാദമിക മാസ്റ്റർ പ്ലാൻ നിർഹവണത്തിലൂടെ ഉറപ്പാക്കുന്നുണ്ട് എന്ന് സമൂഹത്തിന് ബോധ്യപ്പെടണം.

## ഉപസംഹാരം

2022 മുതൽ 2027 വരെയുള്ള അഞ്ചു വർഷങ്ങളിലെ വിഷൻ ആണ് ഇതിൽ അവതരിപ്പിച്ചിരിക്കുന്നത്. ഇതിൽ നിന്നും ഓരോ വർഷത്തേക്കുമുള്ള പദ്ധതികൾ നിശ്ചിത വിഷയ ഗ്രൂപ്പുകൾ തെരെഞ്ഞെടുത്ത് സൂക്ഷ്മതലത്തിൽ ആസൂത്രണം ചെയ്യണം.ഓരോ വർഷവും ആവശ്യമായ കൂട്ടിച്ചേർക്കലുകളും പുതിയ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുകയും വേണ്ടി വരും. പ്രാദേശികവും കാലികവുമായ മാറ്റങ്ങൾക്ക് ഈ പദ്ധതി വഴങ്ങുന്നതാവണം. എല്ലാകുട്ടികളേയും മൂന്ന് ഭാഷകൾ എഴുതുവാനും വായിക്കുവാനും പ്രാപ്തരാക്കുന്ന ലക്ഷ്യം വച്ചിട്ടുള്ള താണ് വിഷൻ '27 . കൂട്ടായ്മയുടെ കരുത്തും പിൻതാങ്ങലുകളും അതിന് ശക്തിപകരും.

പദ്ധതി നടത്തിപ്പിന്റെ ഭാഗമായി കൃത്യമായ ആസൂത്രണവും വിലയിരുത്തലും ഉറപ്പാക്കണം.ഫണ്ട് വിനിയേഗത്തിൽ കൃത്യതയും സൂക്ഷ്മതയും സുതാര്യതയും ഉറപ്പാക്കാണം.വിദ്യാലയത്തിലേക്ക് ഏതു സ്രോതസ്സുകളിൽ നിന്ന് ഫണ്ട് ലഭിച്ചാലും നടപ്പിലാക്കുന്നത് വികസന പദ്ധതിയിലെ പ്രവർത്തനങ്ങളാവണം.

ജനകീയ പങ്കാളിത്തത്തോടെ ഓരോ പദ്ധതിയും നടപ്പിലാക്കുന്നതിന് ആവശ്യമായ വിഭവും വൈഭവവും കണ്ടെത്തണം.അഞ്ചു വർഷം കൊണ്ട് വിദ്യാലയത്തെ എല്ലാതലത്തിലും ലോക നിലവാരത്തിലെത്തിക്കാനുള്ള ശ്രമങ്ങളാണ് നാം ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്.ഏറ്റെടുക്കുന്ന പദ്ധതികൾ വിജയകരമായി ചെയ്യാനുള്ള ആർജ്ജവവുമായി ടീം വാഴക്കുളത്തിന്റെ വിജയം ആവർത്തിക്കാൻ....

## അനുബന്ധം

# സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം (2025-26)

**ആമുഖം**

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം കാര്യക്ഷമമാക്കി നടപ്പിലാക്കി കൊണ്ടിരിക്കുന്ന ഘട്ടമാണ് ഈ അക്കാദമിക് വർഷം.ആയതിനാൽ ഏപ്രിൽ, മെയ് മാസങ്ങളിൽ നടത്തിയ എട്ടാം ക്ലാസിലെ പരീക്ഷാ പരിശീലനങ്ങളും പരീക്ഷയും വിജയവും മുൻനിർത്തിക്കൊണ്ട് ജൂൺ മാസം ആദ്യം മുതൽ രണ്ടാഴ്ച കാലം വിവിധ വിഷയങ്ങളിൽ പരിശീലനം നടക്കുകയാണ് .കൃത്യമായ ടൈംടേബിൾ പ്രകാരം ആ പരിശീലനം നടത്തേണ്ടതായിട്ടുണ്ട്.

**ലക്ഷ്യങ്ങൾ :**

- കുട്ടികളിൽ ഉളവാകേണ്ട ധാരണകൾ വികസിപ്പിക്കാനുള്ള പദ്ധതിയിലൂടെ കുട്ടികളുടെ പഠനനില അറിഞ്ഞുകൊണ്ട് അവർക്ക് ആവശ്യമായ പഠന പിന്തുണ നൽകുക.
- തുടർ പ്രവർത്തനങ്ങൾ അനുസരിച്ച് പഠനനിലവാരം അളക്കുക.
- പാഠപുസ്തകങ്ങളിലെ പാഠ സന്ദർഭങ്ങൾക്കൊപ്പം ഫലപ്രദമായി പ്രയോജനപ്പെടുത്തുന്ന രീതിയിൽ കൃത്യമായി നൽകിയിരിക്കുന്നു.
- പാഠപുസ്തകത്തിലെ പഠന പ്രവർത്തനങ്ങൾക്കൊപ്പം സാമൂഹികമായ ഇതര വിഷയങ്ങളിൽ കൂടി അവബോധം സൃഷ്ടിക്കുക.

**പ്രവർത്തനങ്ങൾ :**

- ഓരോ ദിവസവും ഒരു മണിക്കൂർ വീതം നീക്കി വെച്ച് പ്രവർത്തനങ്ങൾക്ക് സമയം കണ്ടെത്തണം.
- സെമിനാർ ,നാടകം , ഡിബേറ്റ് ,റോൾപ്ലേ എന്നിവ വ്യവഹാരരൂപമായി മാറണം.
- കുട്ടികളെയുംഅധ്യാപകരെയും നിരന്തരമായി വിലയിരുത്തണം.
- കുട്ടികളുടെ പഠനനില അറിഞ്ഞുകൊണ്ട് അവർക്ക് ആവശ്യമായ പഠന പിന്തുണ നൽകുക എന്നത് സമഗ്ര ഗുണമേന്മ പദ്ധതിയുടെ അനിവാര്യ ഘടകമായതിനാൽ , പ്രവർത്തനങ്ങൾ ഭാഷ, മറ്റു വിഷയങ്ങൾ എന്നിവയിൽ കുട്ടികളുടെ പഠനനില അറിയുവാനുള്ള പ്രവർത്തന പദ്ധതിയായി പ്രയോജനപ്പെടുത്തണം.
- കൃത്യമായ മോഡ്യൂളിനൊപ്പം താഴെപ്പറയുന്ന സഹായ ഉപാധികൾ കൂടി സ്വീകരിക്കാവുന്നതാണ്.

  വളരുന്ന കുട്ടികൾക്കൊപ്പം - രക്ഷിതാവ് അറിയാൻ (കൈപുസ്തകം)

  ജീവിത പാഠം

  സുരക്ഷിതയാത്ര

  മാലിന്യ വിമുക്തം , നവകേരളം , ജനകീയ ക്യാമ്പയിൻ, ശുചിത്വവിദ്യാലയം , ഹരിത വിദ്യാലയം

  പ്രവർത്തനമാർഗരേഖ

  ഡിജിറ്റൽ പ്രസന്റേഷൻ സ്ലൈഡ് ക്രിയാത്മക കൗമാരം - കരുത്തും കരുതലും.....

**പഠനോൽപ്പന്നങ്ങൾ :**

പോസ്റ്ററുകൾ

ഡിജിറ്റൽ റിപ്പോർട്ടുകൾ

SIGN BOARDS

SURVEY REPORTS

**പൊതുവിഷയങ്ങൾ**

**UP/HS**

- **മയക്കുമരുന്ന് / ലഹരി ഉപയോഗത്തിനെതിരെ (03/06/2025)**

  മയക്കുമരുന്ന് ലഹരി എന്നിവ ഉപയോഗിക്കില്ല എന്ന നിലപാട് കുട്ടികളിൽ ഉണ്ടാക്കാൻ ആവശ്യമായ ധാരണകൾക്ക് വേണ്ടിയുള്ള പ്രവർത്തനം അതിനായി കുട്ടികളുടെ പ്രായം പരിഗണിച്ചുള്ള സംവാദങ്ങളും പഠന പ്രവർത്തനങ്ങളും ഒരുക്കണം.ഒരു ക്ലാസിലെ വിവിധ സാഹചര്യങ്ങളിൽ നിന്നും വരുന്ന കുട്ടികൾ ലഹരി ഉണ്ടാക്കുന്ന അപകടങ്ങളെക്കുറിച്ചും അതിനെതിരായ അവരുടെ അഭിപ്രായങ്ങളും ധാരണകളും പങ്കുവെച്ച് പൊതുവായ നിലപാടിലേക്ക് എത്തുന്നതാണ് ഉചിതം ഇതിനായി തെളിവാനം വരയ്ക്കുന്നവർ എന്ന പുസ്തക വായനയുടെ അടിസ്ഥാനത്തിൽ കുട്ടികൾ അവരുടെ ജീവിത പരിസരത്തെ പരിഗണിച്ച് ഒരു നാടകത്തിൻറെ സ്ക്രിപ്റ്റ് തയ്യാറാക്കി അഭിനയിക്കുകയോ സെമിനാർ അവതരിപ്പിക്കുകയോ അതുപോലുള്ള മറ്റേതെങ്കിലും സങ്കേതങ്ങൾ വഴി പ്രകടിപ്പിക്കാനുള്ള അവസരം നൽകുകയും ചെയ്യണം.തുടർന്ന് ചർച്ചകൾ നടത്തി മയക്കുമരുന്ന് ലഹരി ആയ  പൊതു ധാരണ കുട്ടികൾ നേടേണ്ടതാണ്.

- **റോഡിലൂടെ സഞ്ചാരം റെയിൽ മുറിച്ചു കടക്കുമ്പോൾ ജലപാത ഉപയോഗം സ്കൂൾ വാഹന ഉപയോഗം എന്നിവയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ  (04/06/2025)**

  വിവിധ ഗതാഗത സംവിധാനങ്ങളെക്കുറിച്ചും ഉപയോഗിക്കുമ്പോൾ സ്വീകരിക്കേണ്ട നിയമങ്ങളെക്കുറിച്ചുള്ള വ്യക്തമായ അവബോധം കുട്ടികൾക്കുണ്ടാക്കുന്നതിനാണ് ഈ വിഷയം ചർച്ച ചെയ്യുന്നത്.റോഡിലൂടെ നടക്കേണ്ട രീതി,റോഡ് മുറിച്ചു കിടക്കുന്നതെങ്ങനെ നിർത്തിയിട്ട് വാഹനങ്ങളിലൂടെ പുറകിലൂടെയും മുന്നിലൂടെയും റോഡ് മുറിച്ച് കിടക്കുന്നതെങ്ങനെ സീബ്രാ ക്രോസിംഗ് ഉപയോഗം ട്രാഫിക് സിഗ്നലുകൾ എന്നിവയെക്കുറിച്ച് അവബോധം ഉണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ മുന്നോട്ടു കൊണ്ടുപോകണം.കുട്ടികൾ ബസ് ഫോട്ടോ മറ്റു വാഹനങ്ങൾ എന്നിവയിൽ യാത്ര ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ (കയറുമ്പോഴും / ഇറങ്ങുമ്പോഴും / യാത്രയിലും) കൃത്യമായ ധാരണ നേടുക.

  സുരക്ഷിത യാത്ര എന്ന ആശയത്തിന് ആസ്പദമാക്കി മുദ്രാവാക്യങ്ങൾ / പോസ്റ്ററുകൾ തയ്യാറാക്കി പ്രദർശിപ്പിക്കുക.സ്കൂളിലും പുതിയ ഇടങ്ങളിലും റോഡ് സുരക്ഷ മാർഗ്ഗനിർദേശങ്ങൾ എഴുതിവയ്ക്കുക ട്രാഫിക് സിഗ്നലുകൾ സ്ഥാപിക്കുകറോഡ് അപകടങ്ങൾ കുറയ്ക്കുന്നതിനും റോഡ് സുരക്ഷാ മനോഭാവം വിദ്യാർത്ഥികളിൽ വികസിപ്പിക്കുന്നതിനും നടത്താവുന്ന കാര്യങ്ങളെക്കുറിച്ച് ചർച്ചചെയ്യുകയും കൃത്യമായ ഒരു ക്രോഡീകരണം നടത്തുകയും ചെയ്യുക .ഞാൻ ഗതാഗത വകുപ്പ് മന്ത്രിയായാൽ കുട്ടിയുടെ കാഴ്ചപ്പാട് അവതരിപ്പിക്കുക.(SCERT) യുടെ സുരക്ഷിതയാത്ര എന്ന പുസ്തകം പ്രയോജനപ്രദമാണ്

- **വ്യക്തി ശുചിത്വം പരിസര ശുചിത്വം ഹരിത ക്യാമ്പസ് സ്കൂൾ സൗന്ദര്യവൽക്കരണം  (05/06/2025)**

  വ്യക്തി ശുചിത്വം ,പരിസര ശുചിത്വം എന്നിവയ്ക്ക് നൽകേണ്ട പ്രാധാന്യത്തിന് ഊന്നൽ നൽകുക.വ്യക്തിസുചിത്വവും ചിട്ടയായ ആരോഗ്യ ശീലങ്ങളും പരിസര ശുചിത്വവും ഏറെ പ്രധാനപ്പെട്ട ഒന്നാണെന്ന് കുട്ടികളിലേക്ക് എത്തിക്കുക.ഹരിത ക്യാമ്പസ് സ്കൂൾ സൗന്ദര്യവൽക്കരണം എന്നീ ചിന്തയിലേക്ക് കുട്ടികളെ എത്തിക്കുക.

- **പൊതു ആരോഗ്യം (09/06/2025)**

പൊതു ആരോഗ്യം എന്നു പറയുന്നത് ഏവർക്കും ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ്.പോഷണം, ശുചിത്വം, വ്യായാമം,നല്ല ഉറക്ക ശീലം,മനസ്സിന്റെ സന്തോഷം,ആരോഗ്യ മര്യാദകൾ എന്നീ മേഖലകളെ ആസ്പദമാക്കി വിഷയങ്ങൾ കൈകാര്യം ചെയ്യണം. കണ്ണിന്റെ ആരോഗ്യം,ദന്ത സംരക്ഷണം,വ്യായാമ മുറകൾ,മാനസിക ആരോഗ്യം എന്നിവയെ കുറിച്ച് കൃത്യമായ ധാരണയിൽ എത്തിച്ചേരുക.

- **ഡിജിറ്റൽ അച്ചടക്കം (10/06/2025)**

കുട്ടികളിൽ വർദ്ധിച്ചുവരുന്ന ഡിജിറ്റൽ ഉപയോഗം കുറയ്ക്കുന്നതിനും അതിന്റെ ദൂഷ്യഫലങ്ങളെ കുറിച്ച് ധാരണ ഉണ്ടാക്കുന്നതിനും വേണ്ടിയുള്ള ക്ലാസ്.അതിനായി രക്ഷിതാക്കൾക്ക് കൂടി ശ്രദ്ധ കൊടുക്കേണ്ടത് ആയിട്ടുണ്ട്.വിവിധ ഡിജിറ്റൽ ഉപകരണങ്ങളെ കുറിച്ചും അത് ഉപയോഗിക്കുന്ന രീതിയെക്കുറിച്ചും അതിന്റെ നെഗറ്റീവും പോസിറ്റീവുമായ വശങ്ങളെക്കുറിച്ചും കൃത്യമായി കുട്ടികളിലേക്ക് എത്തിക്കണം സൈബർ കുറ്റകൃത്യങ്ങളെ കുറിച്ചും അതിന്റെ ശിക്ഷ നടപടികളെക്കുറിച്ചും കുട്ടികളിൽ ഉണ്ടാകുന്ന മാനസിക ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചും ഡിജിറ്റൽ ഉപകരണങ്ങളുടെ ഉപയോഗം മൂലം വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും സൈബർ സെൽ , സൈബർ ഡോം, സൈബർ എത്തിക്സ് തുടങ്ങിയവയുമായി ബന്ധപ്പെട്ട് കുട്ടിയാർജിക്കേണ്ട അറിവുകളും ഈ ക്ലാസ്സിൽ പറഞ്ഞു കൊടുക്കണം.

- **പൊതുമുതൽ സംരക്ഷണം (11/06/2025)**

പൊതുമുതൽ എന്താണെന്നും അത് സംരക്ഷിക്കേണ്ട ആവശ്യയെക്കുറിച്ചും അനിവാര്യതയെക്കുറിച്ചും കുട്ടിയെ ബോധ്യപ്പെടുത്തുന്നതിനായി ഈ ക്ലാസ് ഉപയോഗിക്കണം.

സ്വന്തം സാധനസമഗ്രികൾ അടുക്കും ചിട്ടയോടും സൂക്ഷിക്കുന്നത് തുടങ്ങി സ്കൂളും സ്കൂൾ പരിസരവും പൊതു ഇടങ്ങളിലെ പുതു വസ്തുക്കളും എല്ലാം സംരക്ഷിക്കേണ്ടതാണ് എന്ന് അവബോധത്തിലേക്ക്

- **പരസ്പര സഹകരണത്തിന്റെ പ്രാധാന്യം (12/06/2025)**

പരസ്പര സഹകരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അറിയാൻ . ജീവിത സന്ദർഭങ്ങൾ ,കഥ , സിനിമ എന്നിവ ഉപയോഗപ്പെടുത്തി ചർച്ച ചെയ്യുവാനും സംവാദം സംഘടിപ്പിച്ചും ഈ വിഷയം അവതരിപ്പിക്കാം.

കളികൾ റോൾപ്ലേ കേസവതരണം സ്കിറ്റ് അവതരണം ഈ രീതിയിൽ പ്രവർത്തനം ചിട്ടപ്പെടുത്താം.കുട്ടികളിൽ ഒരു വൈകാരിക അവബോധം സൃഷ്ടിക്കാനും കഴിയണം.പലതരം വികാര അനുഭവങ്ങൾ ഉണ്ടാകുമ്പോൾ അതിനെ പ്രകടിപ്പിക്കാനും ചില വികാരങ്ങളെ നിയന്ത്രിക്കാനും കുട്ടികൾക്ക് കഴിയണം.

റാഗിംങ് പോലുള്ള മാനസിക ശാരീരിക ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്ന പ്രവർത്തനങ്ങളിൽ നിന്ന് കുട്ടികൾ വിട്ടുനിൽക്കാൻ ഈ ക്ലാസ് ഉപകാരപ്പെടണം.കേരള റാഗിംങ് നിരോധന നിയമം 1998 പരിചയപ്പെടുത്തണം.

- **പൊതുക്രോഡീകരണം : (13/06/2025)**

03 /06 /2025 മുതൽ 13/ 06/ 2025 വരെ വിവിധ വിഷയങ്ങളെ ആസ്പദമാക്കി നടന്ന ക്ലാസുകൾ കുട്ടികളുടെ ധാരണകളിൽ ഉണ്ടാക്കിയ വ്യത്യാസത്തെയും അവരുടെ പ്രവർത്തന മേഖലയിലും പെരുമാറ്റത്തിലും ഉണ്ടായ മാറ്റങ്ങളെയും വിലയിരുത്തി കൊണ്ടാണ് പൊതു ക്രോഡീകരണം നടത്തേണ്ടത്.ഓരോ പദ്ധതി വിശകലനങ്ങളും കൃത്യമായ ഡിജിറ്റൽ ഡോക്യുമെന്റേഷൻ അത്യാവശ്യമാണ്.റിപ്പോർട്ടും ഡിജിറ്റൽ ഡോക്യുമെന്റേഷനും പ്രവർത്തന തെളിവായി സൂക്ഷിക്കേണ്ടതാണ്.